പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 151

# 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റ്

## വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിന്റെ (1969-ലെ 21-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (എബി) ഖണ്ഡത്തിൽ താഴെപ്പറയുന്ന വാചകം അവസാനമായി കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ കാര്യത്തിൽ അക്കൗണ്ടുകളുടെ സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് മുഖേനയുള്ള ഒത്തുനോക്കലും ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആഡിറ്റ് ചെയ്യലും ഡാറ്റയുടെ സ്ഥാനമാറ്റവും ഇതിൽ ഉൾപ്പെടുന്നു.";

(ii) (എസി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഡി) "അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ്" എന്നാൽ സംഘത്തിന്റെ രൂപീകരണം, നടത്തിപ്പ്, സ്ഥാപിക്കൽ, ബുക്കുകളുടെയും അക്കൗണ്ടുകളുടെയും മറ്റ് രേഖകളുടെയും സൂക്ഷിക്കൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഉൾപ്പെടെയുള്ള

സംഘത്തിന്റെ എല്ലാ കാര്യങ്ങളും, സഹകരണ തത്വങ്ങളനുസരിച്ച് അംഗങ്ങളുടെ സാമ്പത്തിക ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിന് അതിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം ഉപയോഗപ്രദമായിരുന്നു എന്നതിന്റെയും സൂക്ഷ്മമായ വിലയിരുത്തൽ എന്നർത്ഥമാകുന്നതും ഇതിൽ കംപ്ലയൻസ് ഓഡിറ്റും പർഫോർമൻസ് ഓഡിറ്റും അതുപോലെ, ഐ.ടി. ഓഡിറ്റും ഉൾപ്പെടുന്നതുമാണ്;";

(iii) (ഡിഎ) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഡിബി) "പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വേണ്ടിയുള്ള പൊതു സോഫ്റ്റ്‌വെയർ" എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ മുഴുവൻ ദൈനംദിന പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന, ഒരു കേന്ദ്രീകൃത രൂപകൽപ്പനയിലൂടെയുള്ള, ഫലപ്രദമായ ഒരു സോഫ്റ്റ്‌വെയർ സൊല്യൂഷൻ എന്ന് അർത്ഥമാകുന്നു. സംസ്ഥാന സർക്കാരിൽ നിന്ന് അനുമതി ലഭ്യമായതിനുശേഷം, പ്രാഥമിക സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടും പിന്തുണയോടും കൂടി രജിസ്ട്രാർ ഒരു സിസ്റ്റം ഇന്റഗ്രേറ്ററിലൂടെ ഈ സഹകരണ സോഫ്റ്റ്‌വെയർ നടപ്പിലാക്കേണ്ടതാണ്;

(ഡിസി) "കൺസോർഷ്യം" എന്നാൽ, പൊതു ആവശ്യത്തിനായി ധനസഹായം ലഭ്യമാക്കുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനുവേണ്ടി ഒരു പുതിയ സ്ഥാപനം ഉണ്ടാക്കുക എന്ന പൊതു ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ, രജിസ്ട്രാറുടെയോ സംസ്ഥാന സർക്കാരിന്റെയോ അംഗീകാരത്തോടെ, രൂപീകൃതമായ സഹകരണ സംഘങ്ങളുടെ ഒരു ഔപചാരിക കൂട്ടായ്മ എന്നർത്ഥമാകുന്നു;";

(iv) (ഐബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐബി) "ഫെഡറൽ സഹകരണ സംഘം" എന്നാൽ അതിന്റെ പ്രവർത്തന മേഖലയായി ഒന്നിൽ കൂടുതൽ ജില്ലകളുള്ളതും സംസ്ഥാന സർക്കാരും വ്യക്തികളും മറ്റ് സഹകരണ സംഘങ്ങളും അതിന്റെ അംഗങ്ങളായിട്ടുള്ളതുമായ ഒരു സഹകരണ സംഘം എന്നർത്ഥമാകുന്നു. എന്നാൽ സംഘത്തിലെ വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംഘത്തിന്റെ മൊത്തം അംഗസംഖ്യയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ അധികരിക്കാൻ പാടുള്ളതല്ല:

എന്നാൽ, വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംബന്ധിച്ചുള്ള വ്യവസ്ഥ 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സംഘങ്ങൾക്ക് ബാധകമാകുന്നതല്ല;";

(v) (ഒഎഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഒഎഎ) "പ്രാഥമിക കാർഷിക വായ്പാ സംഘം" എന്നാൽ, കാർഷിക ആവശ്യങ്ങൾക്കോ അനുബന്ധ കാർഷിക പ്രവർത്തനങ്ങൾക്കോ വേണ്ടി അതിന്റെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നത് പ്രാഥമിക ലക്ഷ്യമോ പ്രധാന ബിസിനസ്സോ ആയിട്ടുള്ളതും, പ്രവർത്തന മേഖല ഒരു വില്ലേജിലോ, പഞ്ചായത്തിലോ, മുനിസിപ്പാലിറ്റിയിലോ ആയി പരിമിതപ്പെടുത്തിയിട്ടുള്ളതുമായ ഒരു സർവ്വീസ് സഹകരണ സംഘം, സർവ്വീസ് സഹകരണ ബാങ്ക്, ഒരു കാർഷിക സർവ്വീസ് സഹകരണ ബാങ്ക്, അല്ലെങ്കിൽ ഒരു ഗ്രാമീണ ബാങ്ക് എന്നർത്ഥമാകുന്നതും അത്തരം വായ്പകളുടെയും അഡ്വാൻസുകളുടെയും പലിശനിരക്കും പ്രവർത്തന മേഖലയും രജിസ്ട്രാർ തിട്ടപ്പെടുത്തുന്ന പ്രകാരമായിരിക്കുന്നതുമാണ്:

എന്നാൽ, പ്രവർത്തന മേഖലയെ സംബന്ധിച്ചുള്ള നിയന്ത്രണം 2000 ജനുവരി 1-ന് നിലവിലുണ്ടായിരുന്ന ബാങ്കുകൾക്കോ സംഘങ്ങൾക്കോ ബാധകമല്ല." ;

(vi) (ഒബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഒബി) "പ്രാഥമിക വായ്പാ സംഘം" എന്നാൽ അതിന്റെ അംഗങ്ങൾക്ക് കടം നൽകുന്നതിനും നിക്ഷേപത്തിനും വേണ്ടി അതിന്റെ അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുക എന്നത് അതിന്റെ പ്രാഥമിക ലക്ഷ്യമോ പ്രധാന ബിസിനസ്സോ ആയതും അതിന്റെ ബൈലോകൾ പ്രകാരം മറ്റ് സഹകരണ സംഘങ്ങളെ അതിന്റെ അംഗങ്ങളാക്കാൻ അനുവദിക്കാത്തതുമായ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘം അല്ലാതെയുള്ള സഹകരണ സംഘം എന്നർത്ഥമാകുന്നു." ;

(vii) (ഒഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഒഡി) "പ്രാഥമിക സഹകരണ സംഘം" എന്നാൽ സംസ്ഥാനത്തെ ഒരു റവന്യൂ ജില്ലയിലോ ഒന്നിലധികം ജില്ലകളിലോ പെടുന്ന, ഏതെങ്കിലും വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്ത് അധികാരിത ഉള്ളതും വ്യക്തികളും, മറ്റ് സംഘങ്ങളും, സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിന്റെ അംഗങ്ങളായിട്ടുള്ളതുമായ ഒരു സംഘം എന്നർത്ഥമാകുന്നു.";

(viii) (ഒഇ) ഖണ്ഡത്തിൽ "പ്രവർത്തന മേഖല ഒരു താലൂക്കിൽ പരിമിതപ്പെടുത്തിയിട്ടുള്ളതും" എന്ന വാക്കുകൾക്കു പകരം"," എന്ന ചിഹ്നം ചേർക്കേണ്ടതാണ്;

(ix) (പി) ഖണ്ഡത്തിൽ "ഏതൊരു ആളും" എന്ന വാക്കുകൾക്കു പകരം "സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും ഓഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(x) (ക്യൂബി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ക്യൂബിബി) "സാമൂഹ്യസഹകരണ സംഘങ്ങൾ" എന്നാൽ ഭിന്നശേഷിക്കാർ, പ്രായമായവർ, അധഃകൃതർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ പോലുള്ള സാമൂഹിക വിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു.";

(xi) (ആർഎ) ഖണ്ഡത്തിൽ, "സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്ക്" എന്ന വാക്കുകൾക്കു മുമ്പായി "കേരള" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(xii) (യു) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(വി) "യുവജന സഹകരണ സംഘങ്ങൾ" എന്നാൽ ഒരു ജില്ലയിൽ അധികാരിതയുള്ളതും തൊഴിലവസരങ്ങളും വരുമാനവും സൃഷ്ടിക്കുകയും യുവജനക്ഷേമവും എന്നീ ലക്ഷ്യങ്ങളോടെ സംരംഭകത്വം, പുതിയ സാങ്കേതികവിദ്യ, നൂതന വിദ്യകൾ, സ്റ്റാർട്ട്-അപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി രജിസ്റ്റർ ചെയ്യുന്ന സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു." .

3. <u>3-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "ഒരു വ്യക്തിയെ" എന്ന വാക്കുകൾക്കു പകരം "സംസ്ഥാന സർക്കാരിന്റെ ഒരു ഓഫീസറെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ "ഏതൊരാൾക്കും" എന്ന വാക്കുകൾക്കു പകരം "സംസ്ഥാന സർക്കാരിന്റെ ഏതൊരു ഓഫീസർക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>7-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ഇ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (എഫ്) നിർദ്ദിഷ്ട വായ്പാ സംഘങ്ങൾ ഏറ്റവും കുറവ് ഓഹരി മൂലധനമായി രണ്ടര ലക്ഷം രൂപ സമാഹരിച്ചെന്നും വായ്പേതര സഹകരണ സംഘങ്ങൾ ഒരു ലക്ഷം രൂപ സമാഹരിച്ചെന്നും:

എന്നാൽ, എസ്.സി/എസ്.ടി.യുടെയും ഫിഷറീസിന്റെയും വനിതകളുടെയും സഹകരണ സംഘങ്ങൾക്കും പാരമ്പര്യ വ്യവസായ സഹകരണ സംഘങ്ങൾക്കും ഈ ഖണ്ഡം ബാധകമാകുന്നതല്ല.".

(ബി) "തൊണ്ണൂറ് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "അറുപത് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ "ഏഴ് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപവകുപ്പിൽ "തൊണ്ണൂറ് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "അറുപത് ദിവസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 8എ വകുപ്പിന്റെ ഭേദഗതി—പ്രധാന ആക്റ്റിലെ 8എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അറുപത് ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾ എവിടെയൊക്കെയാണോ വരുന്നത് അവിടെയെല്ലാം "നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കുള്ളിൽ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്.

6. 13എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13എ വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ വരുത്തിയ ഭേദഗതികൾക്കനുസൃതമായി സംഘങ്ങൾ അതിന്റെ ബൈലോകളിൽ ഭേദഗതികൾ വരുത്തിയിട്ടില്ലായെന്ന് രജിസ്ട്രാറിന് ബോദ്ധ്യപ്പെട്ടാൽ, നിർണ്ണയിക്കപ്പെടാവുന്ന ഒരു കാലയളവിനുള്ളിൽ അതിന്റെ ബൈലോകൾ ഭേദഗതി വരുത്തുവാൻ സംഘങ്ങളോട് അദ്ദേഹം നിർദ്ദേശിക്കേണ്ടതാണ്:

എന്നുമാത്രമല്ല, സംഘത്തിന്റെ സാമ്പത്തിക പ്രായോഗികത അപകടത്തിലാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ, നിർണ്ണയിക്കപ്പെടുന്ന ഒരു കാലയളവിനുള്ളിൽ, ബൈലോ ഭേദഗതി വരുത്തുവാൻ അദ്ദേഹം സംഘത്തിനെ നിർദ്ദേശിക്കേണ്ടതാണ്. നിർദ്ദേശം പാലിക്കുന്നതിൽ സംഘം പരാജയപ്പെട്ടാൽ, പൊതുതാൽപ്പര്യം കണക്കിലെടുത്ത്, സംഘത്തിന്റെ ബൈലോ ഭേദഗതി ചെയ്യുന്നതിന് രജിസ്ട്രാറിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

7. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) "സംഘത്തിന്" എന്ന വാക്കിനുശേഷം "രജിസ്ട്രാറിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) "മൂന്നിൽ രണ്ടു ഭാഗത്തിന്റെ" എന്ന വാക്കുകൾക്കു പകരം "കേവല" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(8) കൈമാറ്റത്തിനുവേണ്ടിയുള്ള വിശദമായ പദ്ധതി രജിസ്ട്രാർ പുറപ്പെടുവിക്കേണ്ടതാണ്.”.

8. <u>14 എഎ വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14 <u>എഎ</u> വകുപ്പിൽ, (3)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ (4) അനുബന്ധസ്ഥാപനങ്ങളിലെ ഓഹരിമൂലധനം സംഘത്തിന്റെ അറ്റാദായത്തിൽ നിന്നും കണ്ടെത്തേണ്ടതും അനുബന്ധസ്ഥാപനങ്ങളിൽ സംഘം/ബാങ്കിൽ നിന്ന് ഓഹരി മൂലധനം ഒഴികെയുള്ള ഏതൊരു അധിക നിക്ഷേപവും, മാനദണ്ഡങ്ങൾക്ക് വിധേയമായി, വായ്പയായി അനുവദിക്കേണ്ടതുമാണ്;

(5) സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ച ഏതൊരു സംഘവും/ബാങ്കും അനുബന്ധസ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിൽ കേരള സർക്കാരിന്റെ നോമിനികളെ, നിർണ്ണയിക്കപ്പെട്ട പ്രകാരം, ഉൾപ്പെടുത്തേണ്ടതാണ്;

(6) രജിസ്ട്രാർ, അനുബന്ധസ്ഥാപനങ്ങളുടെ രേഖകളുടെ ഓഡിറ്റ്, പരിശോധന, ഒത്തുനോക്കൽ എന്നിവ നിർണ്ണയിക്കപ്പെട്ട പ്രകാരം, നടത്തേണ്ടതാണ്;

(7) സംഘം/ബാങ്കിൽ നിന്നും അനുബന്ധസ്ഥാപനങ്ങൾക്ക് ഏതെങ്കിലും ഓഹരി മൂലധന വിഹിതമോ സാമ്പത്തിക സഹായമോ നൽകുന്നത്, ബന്ധപ്പെട്ട സംഘം/ബാങ്കിന്റെ പൊതുയോഗം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ ആയിരിക്കേണ്ടതാണ്;

(8) ഹോൾഡിംഗ് സൊസൈറ്റി അതിന്റെ അനുബന്ധസ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറുന്നതും സ്വത്തുക്കൾ പാട്ടത്തിന്/വാടകയ്ക്ക് നൽകുന്നതും ഹോൾഡിംഗ് സൊസൈറ്റി/ബാങ്കിന്റെ പൊതുയോഗം പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയായിരിക്കേണ്ടതാണ്;

(9) 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം ഒരു അനുബന്ധസ്ഥാപനവും ഈ വകുപ്പ് പ്രകാരം പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതും 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു തൊട്ടു മുൻപ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന നിലവിലുള്ള അനുബന്ധസ്ഥാപനങ്ങളെ, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം പ്രവർത്തനം തുടരുന്നതിന് അനുവദിക്കുന്നതുമാണ്.

9. 14 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14 ബി വകുപ്പിൽ,—

(i) നിലവിലെ (2)-ാം ഉപവകുപ്പ് "(6)" -ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതാണ്;

(ii) അപ്രകാരം പുനരക്കം ചെയ്ത (6)-ാം ഉപവകുപ്പിന് മുൻപായി താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (2) സഹകരണ സംഘങ്ങളുടെ അത്തരം പങ്കാളിത്ത രൂപീകരണത്തിന് വേണ്ട വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ബന്ധപ്പെട്ട സംഘങ്ങൾ തയ്യാറാക്കേണ്ടതും ആയത്, അംഗീകാരത്തിനായി, ബന്ധപ്പെട്ട സംഘങ്ങളുടെ പൊതുയോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(3) സഹകരണ സംഘങ്ങളുടെ അത്തരം പങ്കാളിത്ത രൂപീകരണം അംഗീകരിക്കുന്നതിനായി, സഹകരണ സംഘത്തിന്റെ പൊതുയോഗങ്ങൾ അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ട് രജിസ്ട്രാർ വഴി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(4) അത്തരം സംഘങ്ങളിൽ രജിസ്ട്രാർ നിർണ്ണയിക്കപ്പെട്ട പ്രകാരം, ആഡിറ്റ്, പരിശോധന, ഒത്തുനോക്കൽ എന്നിവ നടത്തേണ്ടതാണ്.

(5) അത്തരം പങ്കാളിത്ത സഹകരണ സംഘങ്ങൾക്ക്, പൊതു ആവശ്യത്തിനായി, നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഫണ്ട് സ്വരൂപിക്കുന്നതിനായി, സർക്കാർ ഉത്തരവാകേണ്ടതാണ്.

10. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിലെ (i) ഇനത്തിന്റെ നിലവിലെ ക്ലിപ്തനിബന്ധനയ്ക്കുശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, യുവജന സഹകരണ സംഘങ്ങളിൽ അംഗത്വം തേടുന്നതിനുള്ള പരമാവധി പ്രായപരിധി നാൽപ്പത്തിയഞ്ച് വയസ്സായിരിക്കുന്നതും നാൽപത്തിയഞ്ച് വയസ്സ് തികയുമ്പോൾ അങ്ങനെയുള്ള അംഗങ്ങളുടെ എ ക്ലാസ്സ് അംഗത്വം നിലവിലില്ലാതാകുന്നതും അവർ സംഘത്തിന്റെ അസോസിയേറ്റ് അംഗം ആകുന്നതുമാണ്"."

11. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "സഹാംഗമായോ" എന്ന വാക്കിനു ശേഷം "സംഘങ്ങൾ നൽകുന്ന ക്രെഡിറ്റ് സൗകര്യങ്ങൾ ഉൾപ്പെടെ വിവിധ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

12. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ,—

(i) നിലവിലുള്ള വകുപ്പിനെ (2)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട (2)-ാം ഉപവകുപ്പിനുമുൻപായി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു സംഘത്തിന്റെ പൊതുയോഗം ഓഹരി മൂല്യം വർദ്ധിപ്പിക്കാൻ തീരുമാനിച്ചാൽ, ഒരു അംഗത്തിന് അംഗത്വം തുടരാനുള്ള അവന്റെ/അവളുടെ അവകാശം ഓഹരി മൂല്യം വർദ്ധിപ്പിച്ച തീയതി മുതൽ അഞ്ച് വർഷത്തേയ്ക്ക് നിലനിൽക്കുകയും, കൈവശമുള്ള ഓഹരികളുടെ വർദ്ധിപ്പിച്ച മൂല്യം അടച്ചാൽ മാത്രമേ ഒരു അംഗമെന്ന അവന്റെ/ അവളുടെ അവകാശങ്ങൾ പ്രയോഗിക്കാൻ അവനെ/അവളെ അനുവദിക്കുകയുള്ളൂ.".

13. 19 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19 ബി വകുപ്പിൽ,—

(i) (ഇ) ഖണ്ഡത്തിൽ "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (എഫ്) ഖണ്ഡത്തിൽ "കൂടാതെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (എഫ്) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) സൊസൈറ്റിയുടെ ഡയറക്ടർ ബോർഡും പൊതുയോഗവും അംഗീകരിച്ച തിരുത്തൽ റിപ്പോർട്ടിനൊപ്പം ഏറ്റവും പുതിയ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ പിഴവുകളുടെ സംഗ്രഹം." .

14. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിൽ, (ഡി) ഖണ്ഡത്തിൽ "തെരഞ്ഞെടുക്കുന്നതിൽ" എന്ന വാക്കിനു പകരം "തെരഞ്ഞെടുക്കുന്നതിലും ഒഴിവാക്കലിലും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

15. 26-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിൽ, "അയാൾ ഒരംഗമല്ലാതായിത്തീരുന്ന തീയതിയിലോ" എന്ന വാക്കുകൾക്ക് പകരം "അംഗത്വം അവസാനിക്കുന്നതു മുതൽ രണ്ട് വർഷക്കാലത്തേയ്ക്ക് തുടരുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

16. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന്റെ മൂന്നാമത്തെ ക്ലിപ്തനിബന്ധനയിൽ,—

(എ) " സംഘങ്ങളിലെ" എന്ന വാക്കിനു പകരം "പ്രാഥമിക അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘങ്ങളിലെയും എല്ലാ പ്രാഥമിക സംഘങ്ങളിലെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "ഏതെങ്കിലും സംഘത്തിന്റെ" എന്ന വാക്കുകൾക്ക് പകരം "അത്തരം സംഘത്തിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (1 എ) ഉപവകുപ്പിനുള്ള ക്ലിപ്തനിബന്ധനകൾ വിട്ടുകളയേണ്ടതാണ്;

(iii) (1 സി) ഉപവകുപ്പിൽ, "പതിനായിരവും" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തയ്യായിരവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (1 ഇ) ഉപവകുപ്പിലെ (iii)-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(iii) അത്തരം വിഭജനം ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്" ;

(v) (1 ജി) ഉപവകുപ്പിൽ,—

(എ) "ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് മേഖലകളിൽ പരിചയം ഉള്ളതോ" എന്നീ വാക്കുകൾക്ക് പകരം "ഒരു വാണിജ്യ ബാങ്കിലോ കേരള സംസ്ഥാന സഹകരണ ബാങ്കിലോ ഒരു അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലോ ഒരു സർവ്വീസ് സഹകരണ ബാങ്കിലോ മാനേജർ കേഡറിൽ പെയ്ഡ് സർവ്വീസിൽ ഉള്ളതോ ഉണ്ടായിരുന്നതോ ആയ അംഗങ്ങൾ മാനേജ്മെന്റ്, ഫിനാൻസ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ബി) "മറ്റേതെങ്കിലും മേഖലയിൽ" എന്ന വാക്കുകൾക്ക് പകരം "സഹകരണം/സഹകരണ മാനേജ്മെന്റ്, കൃഷി, സാമ്പത്തിക ശാസ്ത്രം, വാണിജ്യം, പൊതു ധനകാര്യം, ഗ്രാമീണ വികസനം, ഇൻഫർമേഷൻ ടെക്നോളജി (ഐടി) എന്നിവയിൽ" എന്ന വാക്കുകളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(സി) നിലവിലുള്ള മൂന്നാം ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, കമ്മിറ്റി രൂപീകരിച്ച തീയതി മുതൽ ആറ് മാസക്കാലയളവിനുള്ളിൽ കമ്മിറ്റി, നിർദ്ദേശിച്ചിട്ടുള്ള ആളുകളെ കോ-ഓപ്റ്റ് ചെയ്യില്ലായെങ്കിൽ സർക്കാരോ രജിസ്ട്രാറോ ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരമുള്ള അത്തരം നാമനിർദ്ദേശം നടത്തേണ്ടതാണ്.";

(vi) (3)-ാം ഉപവകുപ്പിൽ,—

(എ) ക്ലിപ്തനിബന്ധനയിൽ, "സംഘത്തിന്റെ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന, വ്യത്യസ്ത തരത്തിലുള്ള രണ്ടിൽ കൂടുതൽ സംഘത്തിന്റെ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, ഒരു സംഘത്തിലെ ഡയറക്ടർ ബോർഡിലെ യാതൊരംഗത്തിനും തുടർച്ചയായ രണ്ട് കാലയളവിൽ കൂടുതൽ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല.".

17. 28എബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 28എബി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "കമ്മിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ കമ്മിറ്റിയാൽ നിയമിക്കപ്പെട്ട സംഘത്തിന്റെ ഒരു പ്രതിനിധിയേയോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്;

18. 28ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 28ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, താഴെപ്പറയുന്ന വാചകം അവസാനമായി കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"സംസ്ഥാന സഹകരണ യൂണിയനിലേയ്ക്കും സർക്കിൾ സഹകരണ യൂണിയനുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പുകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷൻ നടത്തേണ്ടതാണ്.".

19. 29-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 29-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (സിസി) ഖണ്ഡത്തിൽ, "കണക്കുകളുടെയും" എന്ന വാക്കിനു പകരം "ആഡിറ്റഡ് അക്കൗണ്ടുകളുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (സിഇ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സിഇ) ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും, ജീവനക്കാരുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും, ബന്ധപ്പെട്ട വർഷത്തെ സംഘത്തിലേയ്ക്കുള്ള എല്ലാ ബാധ്യതകളുടെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, വിശദമായ ലിസ്റ്റ്;".

(ii) (2)-ാം ഉപവകുപ്പിൽ, "രജിസ്ട്രാർക്കോ അദ്ദേഹം നിയോഗിക്കുന്ന മറ്റേതൊരു ആളിനോ" എന്ന വാക്കുകൾക്ക് പകരം "രജിസ്ട്രാറും സഹകരണ ആഡിറ്റ് ഡയറക്ടറും അല്ലെങ്കിൽ അവർ നിയോഗിച്ച മറ്റേതെങ്കിലും ആളിനോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

20. 31-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 31-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "പങ്കെടുക്കാനോ" എന്ന വാക്കിന് ശേഷം "ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

21. 32-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ഡി) ഖണ്ഡത്തിന്റെ മൂന്നാമത്തെ ക്ലിപ്തനിബന്ധനയും വിശദീകരണം 1-ഉം വിട്ടുകളയേണ്ടതാണ്;

(ബി) (ഇ) ഖണ്ഡത്തിൽ "രണ്ട് തുടർച്ചയായ കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ഒരു തവണ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ " ചുമതലകളും" എന്ന വാക്കിന് ശേഷം "അംഗങ്ങളുടെ എൻറോൾമെന്റ് ഉൾപ്പെടെ, എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റി അംഗത്വം സ്ഥിരീകരിക്കുന്നില്ലെങ്കിൽ, അത്തരം അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

22. 32 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"32 എ. കമ്മിറ്റിയുടെ സസ്പെൻഷൻ.—(1) രജിസ്ട്രാറിന്, സ്വയമോ അല്ലെങ്കിൽ തന്റെ കീഴുദ്യോഗസ്ഥർ മുഖേനയോ ഉള്ള ഒരു പ്രാഥമിക അന്വേഷണത്തിന് ശേഷമോ സംസ്ഥാന സർക്കാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേലോ ധനസഹായം നൽകുന്ന ബാങ്ക് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേലോ 68 എ വകുപ്പ് പ്രകാരം വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെയോ അഥവാ പോലീസിന്റെയോ, അല്ലെങ്കിൽ മറ്റുവിധത്തിലുള്ള റിപ്പോർട്ടിന്മേലോ ഏതെങ്കിലും സഹകരണ സംഘത്തിന്റെ കമ്മിറ്റി,—

(എ) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ബൈലോകളോ പ്രകാരമോ ചുമത്തിയിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നെന്നോ അല്ലെങ്കിൽ അവഗണിക്കുന്നെന്നോ അല്ലെങ്കിൽ സംഘത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും ചെയ്യുന്നെന്നോ; അല്ലെങ്കിൽ

(ബി) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിയമപരമായ ഉത്തരവോ നിർദ്ദേശങ്ങളോ മനഃപൂർവ്വം അനുസരിക്കാതിരിക്കുന്നെന്നോ അല്ലെങ്കിൽ പാലിക്കുന്നതിൽ പരാജയപ്പെടുന്നെന്നോ; അല്ലെങ്കിൽ

(സി) റിക്കാർഡുകൾ അപഹരിക്കുകയോ നശിപ്പിക്കുകയോ കേടാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പെരുമാറ്റദൂഷ്യമോ ക്രമക്കേടുകളോ മറച്ചുവയ്ക്കാൻ റിക്കാർഡുകൾ നശിപ്പിക്കാൻ കാരണമായെന്നോ; അല്ലെങ്കിൽ

(ഡി) അത്തരം കമ്മിറ്റി തുടരുന്നത് സ്വതന്ത്രവും നീതിയുക്തവുമായ അന്വേഷണത്തെ ബാധിക്കുമെന്നോ അത് സംഘത്തിന്റെ ഉത്തമ താൽപര്യത്തെക്കൂടി ബാധിക്കുമെന്നോ,

ബോദ്ധ്യപ്പെട്ടാൽ, അദ്ദേഹത്തിന്, കമ്മിറ്റിയ്ക്ക് അവരുടെ എതിർപ്പുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അറിയിക്കുന്നതിന് ഒരവസരം നൽകിയതിനു ശേഷം, രേഖാമൂലമുള്ള ഉത്തരവിലൂടെ, കമ്മിറ്റിയെ സസ്പെന്റ് ചെയ്യാവുന്നതും അതിന്റെ സ്ഥാനത്ത് ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് സംഘത്തിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്ററെയോ മൂന്നിൽ കൂടാത്ത ആളുകൾ അടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ, അതിൽ ഒരാൾ കൺവീനറായും, അവർ സംഘത്തിന്റെ അംഗങ്ങൾ ആയിരിക്കേണ്ട ആവശ്യമില്ല, നിയമിക്കാവുന്നതുമാണ്:

എന്നാൽ, അത്തരം സസ്പെൻഷൻ കാലയളവ് അവസാനിക്കുന്നതിനു മുമ്പായി രജിസ്ട്രാർ, 64-ാം വകുപ്പ് പ്രകാരമുള്ള അന്തിമ റിപ്പോർട്ടോ, 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടോ 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധന റിപ്പോർട്ടോ 68 എ വകുപ്പ് പ്രകാരം വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടോ അല്ലെങ്കിൽ സംസ്ഥാന പോലീസ് വകുപ്പിന്റെ റിപ്പോർട്ടോ പരിഗണിച്ച് സസ്പെന്റ് ചെയ്ത കമ്മിറ്റിയെ പുനഃസ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ 32-ാം വകുപ്പ് പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനോ ആയി ഒരു അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്."

23. <u>33-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ടിലെ 33-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ,—

(എ) "ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കുകൾക്കുശേഷം "അംഗങ്ങളുടെ എൻറോൾമെന്റ് ഉൾപ്പെടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന വാചകം അവസാനമായി കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"തെരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിറ്റി അത്തരം അംഗത്വം സ്ഥിരീകരിക്കുന്നില്ലെങ്കിൽ അപ്രകാരം എൻറോൾ ചെയ്ത അംഗങ്ങൾക്ക് വോട്ടവകാശം ഇല്ലാത്തതും കമ്മിറ്റി അത്തരം അംഗത്വത്തിന് സ്ഥിരീകരണം നൽകുന്നില്ലായെങ്കിൽ അത്തരം നിരസിക്കലിൽ അതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്." .

24. <u>34 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്ടിലെ 34-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"34 എ. അക്കൗണ്ടുകൾ സൂക്ഷിക്കലും പൊതു സോഫ്റ്റ്‌വെയർ സ്വീകരിക്കലും.—(1) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് സിസ്റ്റം സാധ്യമാക്കുന്ന, ലാഭനഷ്ട കണക്കും, ബാലൻസ് ഷീറ്റും തയ്യാറാക്കുന്നതിന് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറത്തിൽ എല്ലാ സഹകരണ സംഘങ്ങളും അക്കൗണ്ടുകളുടെയും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെയും ബുക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(2) എല്ലാ സഹകരണ സംഘങ്ങൾക്കുമുള്ള പൊതു സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രജിസ്ട്രാർ നിർണ്ണയിക്കപ്പെട്ട രീതിയിൽ പുറപ്പെടുവിക്കേണ്ടതാണ്.

(3) സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറുമായി ബന്ധപ്പെട്ട സുരക്ഷ, വിശ്വാസ്യത, ഡാറ്റാ സംരക്ഷണം, മറ്റു സംഗതികൾ എന്നിവ പരിശോധിക്കുന്നതിനായി, സർക്കാരുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെട്ട പ്രകാരം, പ്രൊഫഷണലുകളോടും ടെക്നിക്കൽ ടീമോടും കൂടിയ ഒരു ടെക്നിക്കൽ സെൽ രജിസ്ട്രാറുടെ കാര്യാലയത്തിൽ സ്ഥാപിക്കേണ്ടതാണ്." .

25. 36 എ വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 36 എ വകുപ്പിൽ, " 10 മുതൽ 15" എന്ന വാക്കിനും അക്കങ്ങൾക്കും പകരം "9 മുതൽ 15-ഉം 19 മുതൽ 28-ഉം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

26. 56-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ (സിസി) ഖണ്ഡത്തിൽ, "രജിസ്ട്രാർ നടത്തിപ്പോരുന്ന" എന്നീ വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെട്ട പ്രകാരം, പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് സ്കീമിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

27. 56 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56 എ വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സൊസൈറ്റിയുടെ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സ്ഥാവര വസ്തുക്കൾ ഉപയോഗിക്കേണ്ടതുണ്ടെങ്കിൽ പൊതുയോഗത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറിൽ നിന്ന് അംഗീകാരം തേടേണ്ടതാണ്." .

28. 57-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 57-ാം വകുപ്പിൽ, നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അങ്ങനെ അക്കമിട്ട (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിന്റെ ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, രജിസ്ട്രാർക്ക് പിഴ ചുമത്താൻ അധികാരമുണ്ടായിരിക്കുന്നതാണ്.".

29. 59-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 59-ാം വകുപ്പിൽ നിലവിലുള്ള (3)-ാം ഉപവകുപ്പിനെ (4)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത (4)-ാം ഉപവകുപ്പിനു മുൻപായി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

" (3) രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ളതും സംഘത്തിന്റെ ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ വ്യക്തിഗത പരമാവധി കടമെടുക്കൽ അധികാരത്തിൽ കവിഞ്ഞ യാതൊരു തുകയും ഒരു സംഘം അഡ്വാൻസായോ വായ്പയായോ അനുവദിക്കാൻ പാടില്ലാത്തതാകുന്നു. ഈ വ്യവസ്ഥയുടെ ലംഘനത്തിന് ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവും ഡയറക്ടർ ബോർഡും ഉത്തരവാദികളായിരിക്കുന്നതും രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, പിഴ ചുമത്താൻ അധികാരമുണ്ടായിരിക്കുന്നതുമാണ്." .

30. 59 എ, 59 ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 59-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"59 എ. സ്വത്തുക്കളുടെ മൂല്യനിർണ്ണയം.—സഹകരണ സംഘത്തിൽ ഈടായി നൽകേണ്ട സ്ഥാവരസ്വത്തിന്റെ മൂല്യം, യോഗ്യതയുള്ള, സ്വതന്ത്ര മൂല്യനിർണ്ണയക്കാരൻ/മൂല്യനിർണ്ണയക്കാർ, നിർണ്ണയിക്കപ്പെട്ട പ്രകാരം, മൂല്യ നിർണ്ണയം നടത്തേണ്ടതാണ്. മൂല്യനിർണ്ണയക്കാരനെ/മൂല്യനിർണ്ണയക്കാരെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നാണ് തെരഞ്ഞെടുക്കേണ്ടത്. മൂല്യനിർണ്ണയക്കാരൻ/മൂല്യനിർണ്ണയക്കാരുടെ നിയമനം, മൂല്യനിർണ്ണയം നടത്തേണ്ട ലോൺതുക, മൂല്യനിർണ്ണയക്കാരെ നിയമിക്കുന്നതിനുള്ള യോഗ്യത, പരിചയം, നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

59 ബി. സംഘങ്ങൾ സ്ഥാവരജംഗമ വസ്തുക്കൾ വാങ്ങുന്നത്.—സംഘങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് സ്ഥാവര ജംഗമ വസ്തുക്കൾ ആർജ്ജിക്കുമ്പോൾ സംഘങ്ങൾ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള, മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്." .

31. 63-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 63-ാം വകുപ്പിൽ,

(i) (4)-ാം ഉപവകുപ്പിൽ, ആദ്യത്തെ ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യാൻ ബാദ്ധ്യസ്ഥരായ സംഘങ്ങളുടെ കാര്യത്തിൽ, ആ ആവശ്യത്തിലേക്കുള്ള ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, സാമ്പത്തിക വർഷാവസാനം മുതൽ മൂന്ന് മാസത്തിനകം ആഡിറ്റർ യഥാവിധി സാക്ഷ്യപ്പെടുത്തേണ്ടതാണ്." .

(ii) (7)-ാം ഉപവകുപ്പ് ഒഴിവാക്കേണ്ടതാണ്;

(iii) (8)-ാം ഉപവകുപ്പിൽ, "ആഡിറ്റർമാരുടെ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ആഡിറ്റർമാരുടെ ടീമിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (9)-ാം ഉപവകുപ്പിനും അതിന്റെ ക്ലിപ്തനിബന്ധനയ്ക്കും പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) സംസ്ഥാന സർക്കാർ അംഗീകരിച്ചതും വിജ്ഞാപനം ചെയ്തതുമായ സ്കീമിന് അനുസൃതമായി സഹകരണ ഓഡിറ്റ് ഡയറക്ടർ നിയമിക്കുന്ന ഓഡിറ്റർമാരുടെ ഒരു സംഘത്തെകൊണ്ട് എല്ലാ സഹകരണ സംഘങ്ങളും ഓഡിറ്റ് നടത്തിക്കേണ്ടതാണ്. രൂപീകരണം, ടീമിന്റെ ഘടന, ഓഡിറ്റ് നടത്തുന്ന രീതി, ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന രീതി എന്നിവ സർക്കാർ അംഗീകരിച്ച സ്കീമിൽ ഉൾപ്പെടേണ്ടതാണ്." .

(v) (10)-ാം ഉപവകുപ്പിൽ,—

(i) "എല്ലാ അപ്പെക്സ് സംഘങ്ങളുടെയും" എന്ന വാക്കുകൾക്ക് ശേഷം "എല്ലാ ഗ്രാമീണ സഹകരണ ബാങ്കുകളുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച പാനലിൽ നിന്നും ഉള്ള" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്;

(iii) താഴെപ്പറയുന്ന വാചകങ്ങൾ അവസാനമായി കൂട്ടിചേർക്കേണ്ടതാണ്, അതായത്:—

"ഓഡിറ്റിൽ സംഘത്തിന്റെ പണമോ വസ്തുവകകളോ സ്വത്തുക്കളോ തിരിമറി നടത്തിയെന്നോ എന്തെങ്കിലും ദുരുപയോഗമോ തട്ടിപ്പോ പണാപഹരണമോ ചെയ്തെന്നോ വെളിപ്പെട്ടാൽ, ഓഡിറ്റ് ടീം ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് സഹകരണ സംഘ ഓഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും അയച്ചുകൊടുക്കേണ്ടതുമാണ്. രജിസ്ട്രാറോ സഹകരണ ഓഡിറ്റ് ഡയറക്ടറോ പ്രത്യേക റിപ്പോർട്ട് വകുപ്പ് 68 എ പ്രകാരം നിയമിതനായ വിജിലൻസ് ഓഫീസർക്ക് വിശദമായ അന്വേഷണത്തിനായി അയച്ചുകൊടുക്കേണ്ടതാണ്;" ;

(vi) (12)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(12 എ) ഒരു ഓഡിറ്ററെ, അല്ലെങ്കിൽ ഓഡിറ്റിംഗ് ഫേമിനെ അല്ലെങ്കിൽ ഓഡിറ്റർമാരുടെ ടീമിനെ ഒരു സഹകരണ സംഘത്തിന്റെ തുടർച്ചയായി രണ്ടിൽ കൂടുതൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്താൻ പാടില്ലാത്തതാകുന്നു" .

32. <u>64-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു പൊതു സോഫ്റ്റ്‌വെയറോ രജിസ്ട്രാർ അംഗീകരിച്ച മറ്റേതെങ്കിലും സോഫ്റ്റ്‌വെയറോ ഉപയോഗിച്ച് അക്കൗണ്ടുകൾ തയ്യാറാക്കുന്ന സഹകരണ സംഘങ്ങളുടെ കാര്യത്തിൽ, ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആഡിറ്റ് ഹാർഡ്‌വെയറിന്റെയും സോഫ്റ്റ്‌വെയറിന്റെയും വിലയിരുത്തൽ എന്നിവ ആഡിറ്റിൽ ഉൾപ്പെടുന്നതാണ്:

എന്നിരുന്നാലും, ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആഡിറ്റ് സമയത്തും സോഫ്റ്റ്‌വെയറിന്റെയും ഹാർഡ്‌വെയറിന്റെയും വിലയിരുത്തലിലും രേഖകളിൽ കൃത്രിമങ്ങൾ നടത്തിയതായോ സോഫ്റ്റ്‌വെയർ അഥവാ ഹാർഡ്‌വെയറിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും കൃത്രിമങ്ങളോ വെളിപ്പെട്ടാൽ ആഡിറ്റർ/ആഡിറ്റർമാർ ആ കൃത്രിമങ്ങൾ സഹകരണ ആഡിറ്റ് ഡയറക്ടറെയും രജിസ്ട്രാറെയും അറിയിക്കേണ്ടതാണ്:

എന്നുമാത്രമല്ല, സഹകരണ ആഡിറ്റ് ഡയറക്ടറോ രജിസ്ട്രാറോ സിസ്റ്റത്തിലുള്ള കൃത്രിമം തുടരന്വേഷണത്തിനായി 68<u>എ</u> വകുപ്പിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പോലീസിനെയോ വിജിലൻസിനെയോ അതത് സംഗതിപോലെ, അറിയിക്കേണ്ടതാണ്." ;

(ii) 4<u>എ</u> ഉപവകുപ്പിൽ, "പതിനഞ്ച് ദിവസങ്ങൾക്കകം" എന്ന വാക്കുകൾക്ക് പകരം "ഒരു മാസം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) 4<u>ബി</u> ഉപവകുപ്പിൽ, " മൂന്ന് മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (5)-ാം ഉപവകുപ്പിൽ,—

(എ) "ആഡിറ്ററോ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ ആഡിറ്റർമാരുടെ സംഘമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "നാല് മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "തൊണ്ണൂറ് ദിവസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5 എ) ആഡിറ്റ് പൂർത്തിയാക്കിയതിനുശേഷം, സഹകരണ ആഡിറ്റ് ഡയറക്ടർക്ക് ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പായി, ആഡിറ്റർ അഥവാ ആഡിറ്റർമാരുടെ ടീം, ആഡിറ്റിലെ കണ്ടെത്തലുകൾ ബന്ധപ്പെട്ട സംഘത്തിന്റെ മാനേജിംഗ് കമ്മിറ്റിയുമായി ചർച്ച ചെയ്യേണ്ടതും അവരുടെ മറുപടി വാങ്ങേണ്ടതുമാണ്." ;

(vi) (9)-ാം ഉപവകുപ്പിൽ അവസാനമായി താഴെപ്പറയുന്നവ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"സംഘത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെന്ന് ഈ വകുപ്പിൻ കീഴിൽ നടന്ന ആഡിറ്റിന്റെ ഫലത്തിൽ വെളിപ്പെട്ടാൽ, ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകളും പോരായ്മകളും പരിഹരിക്കുന്നതിനു ഡയറക്ടർ ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതും ഓരോ വർഷവും ചേരുന്ന പൊതുയോഗത്തിനു മുമ്പാകെ ഒരു നടപടി റിപ്പോർട്ട് സഹിതം ആഡിറ്റ് റിപ്പോർട്ട് വയ്ക്കേണ്ടതും അതിൽ പ്രസ്തുത ക്രമക്കേടുകളും പോരായ്മകളും വിശദീകരിക്കേണ്ടതുമാണ്. ആഡിറ്റ് റിപ്പോർട്ടിലുള്ള എല്ലാ അപാകതകളും മാറ്റുന്നതിനും എല്ലാ ക്രമക്കേടുകളും പരിഹരിക്കുന്നതിനും ബോർഡ് നടപടികൾ എടുക്കുന്നത് തുടരേണ്ടതും എല്ലാ അപാകതകളും ക്രമക്കേടുകളും പരിഹരിക്കുന്നതുവരെ എല്ലാ വർഷവും പൊതുയോഗത്തെ ധരിപ്പിക്കുകയും ചെയ്യേണ്ടതാണ്. പൊതുയോഗം നടന്നതു മുതൽ പതിനഞ്ച് ദിവസത്തിനകം ഡയറക്ടർ ബോർഡ് രജിസ്ട്രാർക്കും സഹകരണ ആഡിറ്റ് ഡയറക്ടർക്കും നടപടി റിപ്പോർട്ട് അയച്ചുനൽകേണ്ടതാണ്." ;

(vii) (10)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഏതെങ്കിലും ആൾ, സംഘത്തിനുണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങളിന്മേലുള്ള നിയമനടപടികളിൽ നിന്ന് രക്ഷപ്പെടാൻ രേഖകളോ, റിക്കാർഡുകളോ നശിപ്പിക്കാനോ തിരുത്താനോ ശ്രമിച്ചിട്ടുണ്ടെന്ന് സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം സംഘത്തിൽ ആഡിറ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയ ആളിനോ അഭിപ്രായമുണ്ടെങ്കിൽ,

ആ സംഗതി 68എ വകുപ്പിൻ കീഴിലെ വ്യവസ്ഥകൾ പ്രകാരം പോലീസിനോ വിജിലൻസിനോ റിപ്പോർട്ട് ചെയ്യേണ്ടതാണ്." .

33. 65-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 65-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡം ഒഴിവാക്കേണ്ടതാണ്;

(ബി) (സി), (ഡി), (ഇ), (എഫ്) ഖണ്ഡങ്ങൾ (ബി), (സി), (ഡി), (ഇ) എന്ന് യഥാക്രമം പുനരക്ഷരം ചെയ്യേണ്ടതാണ്;

(സി) അപ്രകാരം പുനഃരക്ഷരം ചെയ്യപ്പെട്ട (സി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) സംഘത്തിന്റെ കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളാലോ, അല്ലെങ്കിൽ സംഘത്തിലെ മൊത്തം അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്തതോ അല്ലെങ്കിൽ പൊതുയോഗത്തിന്റെ ക്വാറത്തിനാവശ്യമായ എണ്ണം അംഗങ്ങളോ, ഏതാണോ കുറവ്, അവരാലോ ഉള്ള അപേക്ഷയിന്മേലോ;" ;

(ഡി) "അധികാരപ്പെടുത്തിയിട്ടുള്ള ആൾ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ആളുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) അന്വേഷണവുമായി ബന്ധപ്പെട്ടതോ അതിൽ ഉൾപ്പെട്ടിരിക്കുന്നതോ ആയ ആളിന്/ആളുകൾക്ക് അന്വേഷണത്തിന്റെ വിഷയം സൂചിപ്പിച്ചുകൊണ്ട് രജിസ്റ്റേർഡ് തപാൽ മുഖേനയോ നേരിട്ടോ ഉചിതമായ നോട്ടീസ് നൽകേണ്ടതും അയാളുടെ/അവരുടെ ഭാഗം കേൾക്കുന്നതിന് ഒരവസരം നൽകേണ്ടതുമാണ് ";

(iii) (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(2 എ) ഈ വകുപ്പ് പ്രകാരം നടത്തിയ അന്വേഷണത്തിൽ എന്തെങ്കിലും അപാകത വെളിപ്പെടുമ്പോൾ, രജിസ്ട്രാറോ, അന്വേഷണം നടത്തുന്നതിന് അദ്ദേഹം അധികാരപ്പെടുത്തിയ ആളോ/ആളുകളോ, വ്യക്തിഗത ബാധ്യത തിട്ടപ്പെടുത്തുന്നത് ഉൾപ്പെടെ, സംഘത്തിനുണ്ടായ അപാകതകൾ, ദുർവിനിയോഗത്തിന്റെ അളവ്, മറ്റ് നഷ്ടങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്:

എന്നിരുന്നാലും, അന്വേഷണത്തിൽ 94-ാം വകുപ്പിൻ കീഴിൽ വരുന്ന എന്തെങ്കിലും കുറ്റം വെളിപ്പെട്ടാൽ, അന്വേഷണ ഉദ്യോഗസ്ഥൻ ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാറിന് നൽകേണ്ടതും അതേസമയംതന്നെ 68 എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം, അതതു സംഗതിപോലെ, പോലീസിനോ വിജിലൻസിനോ കൂടുതൽ വിശദമായ അന്വേഷണത്തിന് കൈമാറേണ്ടതുമാണ്." ;

(iv) (5)-ാം ഉപവകുപ്പിൽ, "ആറുമാസക്കാലയളവിനുള്ളിൽ" എന്ന വാക്കിന് പകരം "നാലുമാസക്കാലയളവിനുള്ളിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(v) (6)-ാം ഉപവകുപ്പിൽ, "32-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും പകരം "ബന്ധപ്പെട്ട കക്ഷികൾക്ക് വാദം കേൾക്കാനുള്ള അവസരം നൽകിയ ശേഷം നിയമപരമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vi) (6)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) ഏതെങ്കിലും അന്വേഷണത്തിൽ സഹകരണ സംഘത്തിന്റെ പണത്തിലോ വസ്തുവിലോ ആസ്തികളിലോ ക്രമക്കേടോ അപഹരണമോ തട്ടിപ്പോ പണാപഹരണമോ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഷ്ടം കണക്കാക്കി, സംഘത്തിന്റെ ക്രമക്കേട് നടത്തിയതോ, അപഹരിച്ചതോ ആയ പണമോ വസ്തുവോ ആസ്തികളോ നിയമാനുസൃത നടപടികളിലൂടെ തിരിച്ചുപിടിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.".

34. 65 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 65-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"65 എ. സംസ്ഥാന സർക്കാരിനാലുള്ള അന്വേഷണം.—സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം, സംഘത്തിന്റെ പ്രവർത്തനം, സാമ്പത്തികസ്ഥിതി, സർക്കാർ സഹായത്തിന്റെ വിനിയോഗം എന്നിവ സംബന്ധിച്ച്, സ്വമേധയായോ അല്ലെങ്കിൽ ഫിനാൻസിംഗ് ബാങ്കിൽ നിന്നുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലോ സംഘത്തിലെ ഭൂരിപക്ഷം അംഗങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ രജിസ്ട്രാറുടെയോ സഹകരണ ഓഡിറ്റ് ഡയറക്ടറുടെയോ ശുപാർശയുടെ അടിസ്ഥാനത്തിലോ, ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് അന്വേഷണത്തിന് ഉത്തരവിടാവുന്നതാണ്. പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള തട്ടിപ്പോ, പണാപഹരണമോ അല്ലെങ്കിൽ വ്യാജരേഖ ചമയ്ക്കലോ കണ്ടെത്തിയാൽ, സർക്കാർ, 68 എ വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം അതതുസംഗതിപോലെ, പോലീസിനോ വിജിലൻസിനോ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രത്യേക സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, രജിസ്ട്രാറുമായും ഫിനാൻസിംഗ് ബാങ്കുമായും കൂടിയാലോചിച്ച് സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ, ആവശ്യമെങ്കിൽ, സ്കീം/പ്ലാൻ തയ്യാറാക്കേണ്ടതാണ്.".

35. 66-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 66-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സഹകരണ സംഘങ്ങളുടെയും മറ്റെല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പരിശോധനയ്ക്കായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, രജിസ്ട്രാറിന് അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള ഓഫീസർമാരുടെ പ്രത്യേക സംഘത്തെ അധികാരപ്പെടുത്താവുന്നതാണ്:

എന്നിരുന്നാലും, ഇത്തരത്തിലുള്ള പരിശോധനകളുടെ റിപ്പോർട്ട് ബന്ധപ്പെട്ട അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സംഘങ്ങൾക്കും, ബന്ധപ്പെട്ട എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും പതിനഞ്ച് ദിവസത്തിനുള്ളിൽ നൽകേണ്ടതും അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ രജിസ്ട്രാർ മുമ്പാകെ ഖണ്ഡിക തിരിച്ച്, തൃപ്തികരമായി പാലിച്ചിട്ടുണ്ടെന്ന റിപ്പോർട്ട് ഫയൽ ചെയ്യാൻ ഡയറക്ടർ ബോർഡുകളും ചീഫ് എക്സിക്യൂട്ടീവും ബാധ്യസ്ഥരായിരിക്കുന്നതുമാണ്.";

(ii) (6)-ാം ഉപവകുപ്പും അതിനോടൊപ്പമുള്ള ക്ലിപ്തനിബന്ധനയും വിട്ടുകളയേണ്ടതാണ്.

36. 66 എ വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 66 എ വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ശരിയായി പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന്/ പുനഃസംഘടനയ്ക്ക് ആവശ്യമെങ്കിൽ സർക്കാർ ഒരു സ്കീം തയ്യാറാക്കേണ്ടതും, സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നത് സുഗമമാക്കുന്നതിനും സേവനങ്ങളിൽ തുല്യതയും സുതാര്യതയും ഉറപ്പാക്കുന്നതിന് സംഘത്തിന്റെ സേവനം പ്രദാനം ചെയ്യൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ സഹകരണ സംഘങ്ങൾക്കും നൽകേണ്ടതുമാണ്.".

37. 66 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 66 ബി വകുപ്പിൽ,—

(i) "വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിൻമേലോ" എന്നീ വാക്കുകൾക്കുശേഷം "അഥവാ 65 എ പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിൻമേലോ" എന്നീ വാക്കുകളും അക്കവും അക്ഷരവും ചേർക്കേണ്ടതാണ്;

(ii) താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ രജിസ്ട്രാർ നൽകിയ നിർദ്ദേശം അത്തരം നിർദ്ദേശം നൽകി മുപ്പത് ദിവസത്തിനുള്ളിൽ പ്രാവർത്തികമാക്കാൻ കമ്മിറ്റി പരാജയപ്പെടുകയാണെങ്കിൽ, രജിസ്ട്രാർ ഒരു ഉത്തരവിലൂടെ അത്തരം ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യേണ്ടതാണ്:

എന്നിരുന്നാലും, പോലീസിന്റെയോ വിജിലൻസിന്റെയോ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ സർക്കാർ രജിസ്ട്രാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.".

38. 66 സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 66 സി വകുപ്പിൽ,—

(i) നിലവിലുള്ള (എഫ്) ഖണ്ഡത്തിനെ (ജി) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്;

(ii) അപ്രകാരം പുനരക്ഷരം ചെയ്ത (ജി) ഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) ഓഡിറ്റ് റിപ്പോർട്ടിന്മേൽ ഡയറക്ടർ ബോർഡ് അംഗീകരിച്ച തിരുത്തൽ റിപ്പോർട്ടുകളും സംഘത്തിന്റെ പൊതുയോഗത്തിന്റെ പ്രമേയവും.";

(iii) അപ്രകാരം പുനരക്ഷരം ചെയ്ത (ജി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) ഓരോ സഹകരണ സംഘവും, സഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് യഥാവിധി സാക്ഷ്യപ്പെടുത്തിയ ക്രഡിറ്റ് പ്രവർത്തനങ്ങളിൻമേലുള്ള ത്രൈമാസ റിട്ടേണുകൾ സമർപ്പിക്കേണ്ടതും, അത് രജിസ്ട്രാർ ശരിയായി അവലോകനം നടത്തുകയും ഓരോ ത്രൈമാസം കഴിയുമ്പോഴും രജിസ്ട്രാർ അവലോകനം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

ഏതെങ്കിലും സംഘം യഥാസമയം റിട്ടേണുകൾ സമർപ്പിക്കാൻ പരാജയപ്പെടുകയാണെങ്കിൽ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള, പിഴ ചുമത്താൻ രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

39. 68-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 68-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നതിനിടയിൽ" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ 68 എ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം, അതത് സംഗതിപോലെ, പോലീസിന്റെയോ വിജിലൻസിന്റെയോ, റിപ്പോർട്ടിലും" 65 എ വകുപ്പ് പ്രകാരം സർക്കാരിന്റെ പരിശോധനയിലും എന്നീ വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിൽ,—

(എ)"നഷ്ടപരിഹാരമോ" എന്ന വാക്കിനു ശേഷം "അറുപത് ദിവസക്കാലാവധി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ അത്തരം കാലയളവ്, രജിസ്ട്രാറുടെ വിവേചനാധികാരപ്രകാരം സമയാസമയങ്ങളിൽ എഴുതിരേഖപ്പെടുത്തിയ കാരണത്താൽ നീട്ടാവുന്നതും, എങ്ങിനെയായാലും, നീട്ടുന്ന കാലയളവ് അറുപത് ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു.".

40. 68 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 68 എ വകുപ്പിൽ,—

(i) (1)-ഉം (2)-ഉം ഉപവകുപ്പുകൾക്കു പകരം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്, അതായത്:—

"(1) 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലോ 1988-ലെ അഴിമതി നിരോധന നിയമത്തിലോ ഉള്ള വ്യവസ്ഥകൾ പ്രകാരം സംഘത്തിൽ കണ്ടെത്തിയ പണാപഹരണമോ ക്രമക്കേടുകളോ അഴിമതിയോ, സംബന്ധിച്ച സംഗതികൾ, സർക്കാരിനോ രജിസ്ട്രാർക്കോ, അതത് സംഗതിപോലെ, പോലീസിനോ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്കോ, അന്വേഷണത്തിനും തുടർനടപടികൾക്കുമായി അയച്ചുകൊടുക്കാവുന്നതുമാണ്.";

(ii) നിലവിലുള്ള (3)-ാം ഉപവകുപ്പിനെ (2)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതാണ്.

41. 69-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ (എച്ച്) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(i) ഹോൾഡിംഗ് സഹകരണ സംഘവും 14 എഎ വകുപ്പിൻ കീഴിൽ സംഘം

രൂപീകരിച്ച അനുബന്ധ സ്ഥാപനങ്ങളും തമ്മിൽ; അല്ലെങ്കിൽ

(j) 14 ബി പ്രകാരം രൂപീകൃതമായ പങ്കാളിത്തത്തിലെ അംഗങ്ങൾ തമ്മിൽ".

42. 69 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69 എ വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

43. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിലെ (6)-ാം ഉപവകുപ്പിൽ, " അധികാരം നൽകപ്പെട്ടിട്ടുള്ള ആളോ" എന്നീ വാക്കുകൾക്ക് ശേഷം "ഒരു വർഷത്തിനകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

44. 70 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ആർബിട്രേഷൻ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസറായി ജൂഡീഷ്യൽ സർവ്വീസിൽ, മുൻസിഫ് മജിസ്ട്രേറ്റ് പദവിയിൽ കുറയാത്ത തസ്തിക വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ആളിനെയല്ലാതെ ആരെയും നിയമിക്കാൻ പാടുള്ളതല്ല.".

45. 73-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 73-ാം വകുപ്പിലെ (2 എ) ഉപവകുപ്പിൽ, വിശദീകരണത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 72-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് മൂന്ന് മാസങ്ങൾക്കകം നിർത്തൽ ചെയ്യൽ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ, ലിക്വിഡേറ്ററിനു നടപടി പൂർത്തിയാക്കുന്നതിന് തടസ്സമാകുന്ന നടപടിക്രമത്തിലെ തടസ്സങ്ങൾ പ്രസ്താവിച്ചുകൊണ്ട് രജിസ്ട്രാർ മുഖാന്തരം സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതും സർക്കാരിന്റെ അനുമതിയോടെ, നിർണ്ണയിക്കപ്പെടുന്ന പ്രകാരം, അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്:

എന്നിരുന്നാലും, സംഘം പ്രവർത്തിക്കുന്നില്ലായെങ്കിൽ രജിസ്റ്ററിൽ നിന്ന് സംഘത്തിന്റെ പേര് മാറ്റുന്നതിനും സർക്കാർ സ്കീം തയ്യാറാക്കേണ്ടതാണ്.".

46. 74 സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 74 സി വകുപ്പിൽ,—

(i) നിലവിലുള്ള വകുപ്പിനെ " (1)" -ാം ഉപവകുപ്പ് എന്ന് അക്കമിടേണ്ടതാണ്;

(ii) അങ്ങനെ അക്കമിട്ട (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആവശ്യമെങ്കിൽ, പ്രവർത്തനങ്ങൾ

പുനഃസംഘടിപ്പിക്കുന്നതിനുള്ള പരിഹാരനടപടികൾ രജിസ്ട്രാർ സർക്കാരിനെ അറിയിക്കേണ്ടതാണ്.”.

47. 76-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 76-ാം വകുപ്പിൽ, “68-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റിനും ശേഷം "അല്ലെങ്കിൽ 69 എ ഉപവകുപ്പു പ്രകാരമോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

48. 80-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

“എന്നാൽ, അവന്റെ/അവളുടെ സ്വഭാവവും പൂർവ്വചരിത്രവും പരിശോധിച്ചും തുടർന്നുള്ള പോലീസ് പരിശോധനക്കും ശേഷം മാത്രമേ നിയമനം ക്രമപ്പെടുത്താൻ പാടുള്ളൂ.” .

(ii) (3 എ) ഉപവകുപ്പിൽ,—

(എ) “സംഘം ജീവനക്കാരുടെയും" എന്ന വാക്കുകൾക്ക് ശേഷം "സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഒഴികെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

“എന്നാൽ ജോലിയുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത് യോഗ്യതകൾ നിശ്ചയിച്ചതിനു ശേഷം സർക്കാർ അപ്പക്സ് സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിനെ നിയമിക്കേണ്ടതാണ്.” ;

(iii) (5)-ാം ഉപവകുപ്പിൽ,—

(എ) “ മൂന്ന് ശതമാനം" എന്ന വാക്കുകൾക്ക് പകരം "നാല് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“എന്നിരുന്നാലും, ഈ വ്യവസ്ഥയുടെ ആവശ്യത്തിലേക്കായി നിയമന യൂണിറ്റ് ഇരുപത് ആയിരിക്കുന്നതും അതിൽ നാലും പതിനാലും ഊഴങ്ങൾ എസ്.സി/എസ്.ടി. ഉദ്യോഗാർത്ഥികൾക്കു വേണ്ടി സംവരണം ചെയ്യേണ്ടതും പത്താമത്തെ ഊഴം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യേണ്ടതുമാണ്. ഈ വ്യവസ്ഥ ബാധകമാകുന്ന എല്ലാ സ്ഥാപനങ്ങളും റൊട്ടേഷൻ നിർബന്ധമായും ഉറപ്പാക്കുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.”.

(iv) (8)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്,

അതായത്:—

"എന്നിരുന്നാലും, സർക്കാർ ഈ ആവശ്യത്തിലേയ്ക്കായി ഒരു ഏകീകൃത സേവന ചട്ടങ്ങളും പെരുമാറ്റ ചട്ടങ്ങളും ഉണ്ടാക്കുന്നതുവരെ 1968-ലെ കേരള ഗവൺമെന്റ് സർവ്വന്റ്സ് കോണ്ടാക്റ്റ് റൂൾസിലെ 67, 69, 70, 71 എന്നീ ചട്ടങ്ങൾ സഹകരണ സംഘങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് ബാധകമാക്കേണ്ടതാണ്." .

49. 80 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80 എ വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "ബോർഡുകളിലെ" എന്ന വാക്കിനു പകരം "ബോർഡുകളിലെയും സംസ്ഥാനത്തിലെ സഹകരണ യൂണിയനുകളിലെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

50. 80 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80 ബി വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഉദ്യോഗസ്ഥരെയും ജീവനക്കാരെയും റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും സംഘത്തിന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, എല്ലാ സഹകരണ സംഘങ്ങളിലും ബോർഡുകളിലും രജിസ്ട്രാറിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേയ്ക്കുമുള്ള, ജൂനിയർ ക്ലർക്കും അതിനു മുകളിലെ വിഭാഗങ്ങളിലുമുള്ള തസ്തികകളിലേയ്ക്കുമുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടി എഴുത്തുപരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് രൂപീകരിക്കേണ്ടതാണ്.".

51. 88-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 88-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സർക്കിളിൽ അധികാരിതയുള്ള സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ, എക്സ് ഒഫിഷ്യോ ," .

52. 88 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 88 ബി വകുപ്പിലെ (iii)-ാം ഖണ്ഡത്തിൽ, "ഒരു ആഫീസറെ" എന്ന വാക്കുകൾക്കു ശേഷം "അല്ലെങ്കിൽ ഒരു അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ മൂന്ന് അംഗങ്ങളിൽ കുറയാത്ത അംഗങ്ങളുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ, അതിൽ ഒരാൾ കൺവീനർ ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

53. 89-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 89-ാം വകുപ്പിലെ (4)-ാം

ഉപവകുപ്പിൽ,—

(i) (ഡി) ഖണ്ഡത്തിൽ, "(സി) ഖണ്ഡപ്രകാരം" എന്ന വാക്കിനും അക്ഷരത്തിനും ബ്രാക്കറ്റിനും പകരം "(ബി) ഖണ്ഡപ്രകാരം" എന്ന വാക്കും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(ii) (ഇ) ഖണ്ഡത്തിൽ, "(ഡി) ഖണ്ഡപ്രകാരം" എന്ന വാക്കിനും അക്ഷരത്തിനും ബ്രാക്കറ്റിനും പകരം "(സി) ഖണ്ഡപ്രകാരം" എന്ന വാക്കും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(iii) (എഫ്) ഖണ്ഡത്തിൽ, "(ഇ) ഖണ്ഡപ്രകാരം" എന്ന വാക്കിനും അക്ഷരത്തിനും ബ്രാക്കറ്റിനും പകരം "(ഡി) ഖണ്ഡപ്രകാരം" എന്ന വാക്കും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

54. 89 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 89 ബി വകുപ്പിൽ, ഖണ്ഡം (iii)-ൽ "ഒരു ഓഫീസറെ" എന്നീ വാക്കുകൾക്ക് പകരം "അഡീഷണൽ രജിസ്ട്രാറുടെ പദവിയിൽ കുറയാത്ത ഒരു ഓഫീസറെ അല്ലെങ്കിൽ ഒരു അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ മൂന്ന് ആളുകൾ അടങ്ങുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ, അതിൽ ഒരാൾ കൺവീനർ ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

55. 91-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 91-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡത്തിൽ, "സഹകരണതത്വങ്ങളേയും" എന്ന വാക്കിനു മുൻപായി "വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

56. 94-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 94-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ, "രണ്ടായിരം" എന്ന വാക്കിന് പകരം "അയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിൽ, "രണ്ടായിരം" എന്ന വാക്കിന് പകരം "അയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (4)-ാം ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iv) (4 എ) ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(v) (4 ബി) ഉപവകുപ്പിൽ, "ആയിരം" എന്ന വാക്കിന് പകരം "അയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(vi) (5)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(vii) (6)-ാം ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(viii) (7)-ാം ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ix) അപ്രകാരം മാറ്റം വരുത്തിയ (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(7 എ) 57-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചീഫ് എക്സിക്യൂട്ടീവ് പ്രവർത്തിക്കുകയാണെങ്കിൽ അവനെ/അവളെ ഇരുപത്തിയയ്യായിരം രൂപ പിഴ ചുമത്തി ശിക്ഷിക്കേണ്ടതാണ്.

(7 ബി) ആ സംഘങ്ങളുടെ ഡയറക്ടർ ബോർഡും ചീഫ് എക്സിക്യൂട്ടീവും 66-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരമുള്ള പൂർത്തീകരണ റിപ്പോർട്ട് സമർപ്പിച്ചില്ലായെങ്കിൽ, അതിനെ/അവനെ/അവളെ പതിനായിരം രൂപ പിഴ ചുമത്തി ശിക്ഷിക്കേണ്ടതാണ്.".

(x) (8)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനെ അയ്യായിരം രൂപ പിഴ ചുമത്തി ശിക്ഷിക്കേണ്ടതാണ്.".

57. <u>പട്ടിക 1-ന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 1-ാം പട്ടികയിൽ, 15-ാം ക്രമനമ്പറിന് ശേഷം താഴെപ്പറയുന്ന ക്രമനമ്പറുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"16—കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (വനിതാ ഫെഡ്)

17—കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ ലിമിറ്റഡ് (ടൂർഫെഡ്)

18—കേരള സംസ്ഥാന തൊഴിൽ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (ലേബർഫെഡ്)

19—കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ ലിമിറ്റഡ് (ഹോസ്പിറ്റൽഫെഡ്)".".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ കേരള സഹകരണ ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്) 1969-ൽ നിയമമായി പ്രാബല്യത്തിൽ വന്നു. അതിനുശേഷം സഹകരണ മേഖലയുടെ പുരോഗതിക്കും സുസ്ഥിരതയ്ക്കുമായി ഈ ആക്റ്റിൽ ധാരാളം ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

2. ഇപ്പോൾ, കേരളത്തിലെ സഹകരണ മേഖല അഭൂതപൂർവ്വമായി പുരോഗതി കൈവരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ രണ്ട് ലക്ഷം കോടി രൂപ വരെയായി ഉയർന്നിട്ടുണ്ട്. സംഘങ്ങളുടെ എണ്ണവും അവയുടെ പ്രവർത്തനങ്ങളും പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. അതേസമയം, ഈ മേഖലയിൽ നിന്ന് ഇടക്കിടെയുണ്ടാകുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഇപ്പോൾ വെല്ലുവിളികൾ നേരിടുന്നതിനും സ്ഥാപനങ്ങളെ പുതിയ ദിശയിലേയ്ക്ക് നയിക്കുന്നതിനും സഹകരണ മേഖലയുടെ സമഗ്രമായ നവീകരണം അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. സംഘങ്ങളിലെ നിക്ഷേപങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി കരുതലോടെയുള്ള പദ്ധതിയും സുതാര്യമായ റിപ്പോർട്ടിംഗ് സംവിധാനവും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഈ മേഖലയിലെ വളർച്ചയും വികസനവും ഉറപ്പാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും കൂടുതൽ ശക്തമായ ഇടപെടൽ ആവശ്യമാണ്.

4. അതിനാൽ, 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

5. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

# ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ആക്റ്റിലെയും ചട്ടങ്ങളിലേയും ഭേദഗതികൾക്കനുസൃതമായി ബൈലോകളിൽ ഭേദഗതി വരുത്തുന്നതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിന് ബില്ലിലെ ഖണ്ഡം 6 രജിസ്ട്രാറെ അധികാരപ്പെടുത്തുന്നു.

2. അനുബന്ധ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ സർക്കാരിന്റെ നോമിനികളെ ഉൾപ്പെടുത്തുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുത്തുന്നതിനു മുമ്പ് രജിസ്റ്റർ ചെയ്ത അനുബന്ധ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും അനുബന്ധ സ്ഥാപനങ്ങളിലെ രേഖകളുടെ ഓഡിറ്റ്, പരിശോധന, സ്ഥിരീകരണം എന്നിവ നടത്തുന്നതിനും സർക്കാരിനെ ബില്ലിലെ ഖണ്ഡം 8 അധികാരപ്പെടുത്തുന്നു.

3. സഹകരണ സംഘങ്ങളുടെ പങ്കാളിത്ത സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും രജിസ്ട്രാർ സംഘങ്ങളുടെ ഓഡിറ്റ് പരിശോധന, രേഖകൾ പരിശോധിക്കൽ എന്നിവ നടത്തുന്നതിനും പങ്കാളിത്ത സ്ഥാപനങ്ങൾ പൊതു ആവശ്യത്തിനായി ഫണ്ട് സ്വരൂപിക്കുന്നതിനും ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ ഖണ്ഡം 9 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. പ്രസിഡന്റായോ ചെയർമാൻ ആയോ തിരഞ്ഞെടുക്കപ്പെടുന്നതിന് ഒരംഗത്തിനെ പരിമിതപ്പെടുത്തിയിരിക്കുന്ന സംഘങ്ങളുടെ തരം വ്യക്തമാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാൻ 16-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. സംസ്ഥാന സഹകരണ യൂണിയനിലേയ്ക്കും സർക്കിൾ സഹകരണ യൂണിയനിലേയ്ക്കും സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷൻ വഴി തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ ഖണ്ഡം 18 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും, ജീവനക്കാരുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും, ബന്ധപ്പെട്ട വർഷങ്ങളിൽ സംഘങ്ങളിലേക്കുള്ള ബാധ്യതകളുടെ വിശദമായ പട്ടിക തയ്യാറാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ ഖണ്ഡം 18 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. അക്കൗണ്ടുബുക്കുകളുടെയും ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെയും ഫോമുകൾ തയ്യാറാക്കുന്നതിനും പൊതു സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സുരക്ഷ, വിശ്വാസ്യത, ഡാറ്റ പരിരക്ഷണം, സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയുമായി ബന്ധപ്പെട്ട മറ്റ് വശങ്ങൾ എന്നിവ പരിശോധിക്കുന്നതിനും സാങ്കേതിക സെൽ രൂപീകരിക്കുന്നതിനും രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനായി ബില്ലിലെ ഖണ്ഡം 24 സർക്കാരിരെ അധികാരപ്പെടുത്തുന്നു.

8. പ്രഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൻ കീഴിൽ സ്കീം തയ്യാറാക്കുന്നതിന് ബില്ലിലെ ഖണ്ഡം 26 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. 57-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥയുടെ ലംഘനത്തിനെതിരെ പിഴചുമത്തുന്നതിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ബില്ലിലെ ഖണ്ഡം 28 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള വ്യക്തിഗത പരമാവധി കടമെടുക്കൽ പരിധിയേക്കാൾ അധികമായി സംഘം വായ്പ അനുവദിച്ചാൽ പിഴ ചുമത്തുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാൻ ബില്ലിലെ ഖണ്ഡം 29 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. വാല്യുവേറ്ററുടെ നിയമനം, മൂല്യനിർണ്ണയം നടത്തേണ്ട വായ്പാതുക, യോഗ്യത, പരിചയം, വാല്യുവേറ്ററെ നിയമിക്കുന്നതിനുള്ള യോഗ്യത, മുൻപരിചയം, ഉപാധികളും നിബന്ധനകളും, സംഘത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് സ്ഥാവരജംഗമ വസ്തുക്കൾ ആർജ്ജിക്കുമ്പോൾ സംഘങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനുമുള്ള ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ ഖണ്ഡം 30 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. അപ്പെക്സ്, സെൻട്രൽ, ഫെഡറൽ എന്നീ സഹകരണ സംഘങ്ങളുടെ പരിശോനയ്ക്കായി രജിസ്ട്രാർ തന്റെ കീഴിൽ വരുന്ന ഉദ്യോഗസ്ഥരുടെ സ്പെഷ്യൽ ടീമിനെ അധികാരപ്പെടുത്തുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ ഖണ്ഡം 35 സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. കൃത്യസമയത്ത് റിട്ടേൺ സമർപ്പിക്കുന്നതിൽ ഏതെങ്കിലും സംഘം പരാജയപ്പെട്ടാൽ പിഴ നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 38-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. സംഘങ്ങളുടെ അവസാനിപ്പിക്കൽ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടിപരമായ തടസ്സങ്ങൾ പ്രസ്താവിച്ചുകൊണ്ട് ലിക്വിഡേറ്റർ ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 45-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിന് പോലീസ് വെരിഫിക്കേഷൻ ഒരു വ്യവസ്ഥയാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 48-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. എൻ. വാസവൻ

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 2-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനെ രജിസ്ട്രാറായി നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള കുറഞ്ഞ ഓഹരി മൂലധനം നിശ്ചയിക്കുന്നതിനും രജിസ്ട്രേഷനുള്ള പ്രോസസിംഗ് സമയം കുറയ്ക്കുന്നതിനുമായി പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—അപ്പെക്സ് അല്ലെങ്കിൽ സെൻട്രൽ സഹകരണ സംഘങ്ങളാലുള്ള അഫിലിയേഷൻ പ്രക്രിയയുമായി ബന്ധപ്പെട്ട സമയപരിധി കുറയ്ക്കുന്നതിന് പ്രധാന ആക്റ്റിലെ 8 എ വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—ആക്റ്റിലെയും ചട്ടങ്ങളിലെയും ഭേദഗതികൾക്ക് അനുസൃതമായും സംഘങ്ങളുടെ ധനകാര്യക്ഷമത അപകടാവസ്ഥയിൽ ആകുന്ന സന്ദർഭങ്ങളിലും അതിന്റെ ബൈലോകൾ ഭേദഗതി വരുത്തുവാൻ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് രജിസ്ട്രാർക്ക് അധികാരം നൽകാൻ പ്രധാന ആക്റ്റിലെ 13 എ വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—രജിസ്ട്രാറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, ഒരു സംഘത്തിന്റെ പൊതുയോഗത്തിൽ ഹാജരായി വോട്ടു ചെയ്ത അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തോടെ സംഘത്തിന്റെ സ്വത്തുക്കളും ബാധ്യതകളും കൈമാറുന്നതിനും കൈമാറ്റത്തിനായി വിശദമായ ഒരു സ്കീം പുറപ്പെടുവിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിനും പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—അനുബന്ധ സ്ഥാപനങ്ങളുടെ ഓഹരി മൂലധനം സംഘങ്ങളുടെ അറ്റാദായത്തിൽ നിന്നും കണ്ടെത്തുന്നതിനും; സംഘത്തിന് സർക്കാരിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ കേരള സർക്കാരിന്റെ നോമിനിയെ അനുബന്ധ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തുന്നതിനും;

ആഡിറ്റ്, പരിശോധന, സ്ഥിരീകരിക്കൽ എന്നിവ രജിസ്ട്രാർ നടത്തുന്നതിനും; അനുബന്ധ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് രജിസ്ട്രാറിന്റെ മുൻകൂർ അനുമതിയോടെ ആയിരിക്കണം എന്നതിനും ഫണ്ടുകളുടെ കൈമാറ്റം അഥവാ ആസ്തികൾ പാട്ടത്തിനെടുക്കുക എന്നിവ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നടത്തുന്നതിനും; ഈ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഒരു അനുബന്ധ സ്ഥാപനത്തേയും പ്രമോട്ട് ചെയ്യാൻ പാടില്ല എന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 14 എഎ വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—സഹകരണ സംഘങ്ങളുടെ പങ്കാളിത്തം സ്ഥാപിക്കുന്നതിനായി പാലിക്കേണ്ട, സർക്കാർ നിയന്ത്രണം ഉൾപ്പെടെയുള്ള അധിക നിബന്ധനകളും നടപടിക്രമങ്ങളും ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 14 ബി വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—യുവജന സഹകരണ സംഘത്തിൽ അംഗത്വം നേടുന്നതിനുള്ള പരമാവധി പ്രായപരിധി കൊണ്ടുവരുന്നതിനായി പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—നോമിനൽ അംഗങ്ങളുടെയും അസോസിയേറ്റ് അംഗങ്ങളുടെയും അവകാശങ്ങൾ നിർവ്വചിക്കുന്നതിനായി പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—കൈവശമുള്ള ഓഹരികളുടെ വർദ്ധിച്ച മൂല്യം അടക്കുന്നതുവരെ ഒരു അംഗമെന്ന നിലയിൽ അംഗത്തിനുള്ള അവകാശം വിനിയോഗിക്കരുതെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ഏറ്റവും പുതിയ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പിഴവുകളുടെ യഥാർത്ഥ ചിത്രം ഓരോ അംഗത്തിനും ലഭിക്കുന്നതിനായി പ്രധാന ആക്റ്റിലെ 19 ബി വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ഒരു എക്സ്-ഒഫിഷ്യോ അംഗത്തിന് സംഘങ്ങളിലെ ഭാരവാഹികളെ നീക്കം ചെയ്യുന്നതിന് വോട്ട് ചെയ്യാൻ അവകാശമില്ലെന്ന് വ്യക്തമാക്കുന്നതിനായി പ്രധാന ആക്റ്റിലെ 20-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—മുൻ അംഗത്തിന്റെ ബാധ്യത അംഗത്വം അവസാനിപ്പിച്ചതു മുതൽ രണ്ട് വർഷം വരെ നീട്ടുന്നതിനായി പ്രധാന ആക്റ്റിലെ 26-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—എല്ലാ പ്രൈമറി അഗ്രികൾച്ചറൽ ക്രഡിറ്റ് സൊസൈറ്റികളിലെയും കമ്മിറ്റികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ നടത്തരുതെന്നും; സംവരണ സീറ്റിന് അർഹതയുള്ള അംഗങ്ങളുടെ നിക്ഷേപത്തിന്റെ പരിധി ഇരുപത്തയ്യായിരം രൂപയായി ഉയർത്തുന്നതിനും; സംഘങ്ങളുടെ പരിധി, ആസ്തികൾ, ബാധ്യതകൾ എന്നിവയുടെ വിഭജനം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും; കമ്മിറ്റികളിൽ കോ-ഓപ്റ്റ് ചെയ്യേണ്ട വ്യക്തികളുടെ യോഗ്യത പുനർനിശ്ചയിക്കുന്നതിനും; ആളുകളെ കോ-ഓപ്റ്റ് ചെയ്യുന്നതിൽ കമ്മിറ്റി പരാജയപ്പെട്ടാൽ നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെയോ രജിസ്ട്രാറെയോ അധികാരപ്പെടുത്തുന്നതിനും ഡയറക്ടർ ബോർഡിലെ ഒരംഗത്തിനും തുടർച്ചയായി രണ്ടിൽ കൂടുതൽ പ്രാവശ്യം കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ യോഗ്യതയില്ല എന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—കമ്മിറ്റി നിയമിച്ച ഒരു പ്രതിനിധിയെ മാറ്റുന്നതിന് കമ്മിറ്റിയെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 28 എബി വകുപ്പിൽ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—സംസ്ഥാന സഹകരണ യൂണിയനിലെയും സർക്കിൾ സഹകരണ യൂണിയനുകളിലെയും തെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 28 ബി വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ഡയറക്ടർ ബോർഡംഗങ്ങളുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും, ജീവനക്കാരുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും ബാധ്യതകളുടെ വിശദമായ പട്ടിക വാർഷിക പൊതുയോഗത്തിൽ അറിയിക്കുന്നതിനും സംഘങ്ങളുടെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് സഹകരണ ഓഡിറ്റ് ഡയറക്ടറെ അധികാരപ്പെടുത്തുന്നതിനും പ്രധാന ആക്റ്റിലെ 29-ാം വകുപ്പിൽ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—അപ്പെക്സ് സെൻട്രൽ സൊസൈറ്റികളുടെ കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളിനെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിൽ നിന്ന് തടയുന്നതിന് പ്രധാന ആക്റ്റിലെ 31-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—സംഘത്തിന്റെ മാനേജിംഗ് കമ്മിറ്റിയെ സർക്കാരിൽ നിന്നും അതിന് സഹായം ഇല്ലെങ്കിലും അതിലംഘിക്കാനും, അതിലംഘിക്കപ്പെട്ട കമ്മിറ്റിയിലെ അംഗം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനും

അഡിമിനിസ്ട്രേറ്ററായി നിയമിക്കപ്പെടുന്നതിനും ഒരു ടേമിലേക്ക് അയോഗ്യനാക്കുന്നതിനും രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 32-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—കമ്മിറ്റിയെ സസ്പെൻഡ് ചെയ്യാനും സംഘങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പുതിയ അഡ്മിനിസ്ട്രേറ്ററെ നിയമിക്കാനും രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിൽ 32 എ എന്ന ഒരു പുതിയ വകുപ്പ് ഉൾക്കൊള്ളിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—സംഘങ്ങളിൽ അംഗങ്ങളെ ചേർക്കാൻ കമ്മിറ്റിയെ അധികാരപ്പെടുത്തുകയും തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അത് സ്ഥിരീകരിച്ചെങ്കിൽ അല്ലാതെ അത്തരം അംഗങ്ങൾക്ക് വോട്ടിംഗ് അവകാശം ഉണ്ടായിരിക്കില്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനും പ്രധാന ആക്റ്റിലെ 33-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ഉപയോഗിക്കുന്നതിനും, അക്കൗണ്ട്സ് മുതലായവ തയ്യാറാക്കാൻ ഡബിൾ എൻട്രി ബുക്ക് കീപ്പിംഗിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 34 എ എന്ന ഒരു പുതിയ വകുപ്പ് ഉൾക്കൊള്ളിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—കൂടുതൽ വകുപ്പുകളിലേയ്ക്ക് ഗഹാൻ വ്യവസ്ഥ ബാധകമാക്കുന്നതിനായി പ്രധാന ആക്റ്റിലെ 36 എ വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീമിന് കീഴിൽ നിലനിർത്തിപോരുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ടിലേയ്ക്ക് അറ്റാദായത്തിന്റെ അഞ്ച് ശതമാനം വിനിയോഗിക്കാൻ സംഘങ്ങളെ പ്രാപ്തമാക്കുന്നതിന് പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—രജിസ്ട്രാറിന്റെ അംഗീകാരത്തോടെ, വായ്പാ തുക വസൂലാക്കുന്നതിൽ ആർജ്ജിക്കുന്ന ബാങ്കിംഗ് ഇതര ആസ്തികൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് സംഘത്തെ അനുവദിക്കുന്നതിന് പ്രധാന ആക്റ്റിലെ 56 എ വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—വ്യവസ്ഥ പാലിക്കാതിരിക്കുന്നതിന്മേൽ പിഴ ഈടാക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 57-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള വ്യക്തിഗത പരമാവധി കടമെടുക്കൽ പരിധിയിൽ അധികമായി വായ്പ അനുവദിക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവിനെയും ഡയറക്ടർ ബോർഡിനെയും ഉത്തരവാദിയാക്കുന്നതിനും മേൽ പറഞ്ഞതിന്റെ ലംഘനത്തിന് പിഴ ചുമത്താൻ രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിനുമായി പ്രധാന ആക്റ്റിലെ 59-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—സംഘത്തിൽ ഈട് വയ്ക്കുന്ന സ്ഥാവര സ്വത്തുക്കളുടെ മൂല്യം യോഗ്യരായ മൂല്യനിർണ്ണയക്കാരൻ/മൂല്യനിർണ്ണയക്കാർ മുഖേന നിർണ്ണയിക്കുന്നതിനും മൂല്യനിർണ്ണയക്കാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള നടപടിക്രമം നിർണ്ണയിക്കുന്നതിനും തനത് ഫണ്ട് ഉപയോഗിച്ച് വസ്തുക്കൾ ആർജ്ജിക്കുമ്പോൾ സംഘങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും പ്രധാന ആക്റ്റിൽ 59 എ, 59 ബി എന്നി പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—സാമ്പത്തിക കണക്കുകൾ നിശ്ചിത കാലയളവിനുള്ളിൽ ഓഡിറ്ററോ ഓഡിറ്റർമാരുടെ ടീമോ സാക്ഷ്യപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് പ്രധാന ആക്റ്റിലെ 63-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഓഡിറ്റ് വ്യവസ്ഥ ചെയ്യാനും സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും വിലയിരുത്തുന്നതിനും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് വ്യവസ്ഥ ചെയ്യാനും റിപ്പോർട്ട് ഡയറക്ടർക്കും രജിസ്ട്രാർക്കും നൽകുന്നതിനും നിയമവിരുദ്ധമായ പ്രവർത്തികളെ സംബന്ധിച്ച റിപ്പോർട്ട് പോലീസിനോ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയ്ക്കോ നൽകുന്നതിനും ഡയറക്ടർക്കും രജിസ്ട്രാർക്കും അധികാരം നൽകുന്നതിനുമായി പ്രധാന ആക്റ്റിലെ 64-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—സംഘം നൽകുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 65-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—പ്രവർത്തനം, സാമ്പത്തികാവസ്ഥ, സർക്കാർ സഹായത്തിന്റെ വിനിയോഗം എന്നിവ സംബന്ധിച്ചും എന്തെങ്കിലും തട്ടിപ്പ്, ക്രമക്കേട്, വ്യാജരേഖ ചമക്കൽ എന്നിവ കണ്ടെത്തുമ്പോഴും, പൊതുതാല്പര്യാർത്ഥം ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണത്തിന് ഉത്തരവാകുന്നതിനും അതു സംഗതിപോലെ പോലീസിനോ വിജിലൻസിനോ ഒരു റിപ്പോർട്ട് അയക്കുന്നതിനും സർക്കാരിന് അധികാരം നൽകുന്നതിന് പ്രധാന ആക്റ്റിൽ 65 എ എന്ന ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സഹകരണ സംഘങ്ങളുടെ പരിശോധനയ്ക്കായി ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിന്റെ 66-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്/പുനഃസംഘടിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുന്നതിനും അത്തരം സംഘങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിന്റെ 66 എ വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—65 എ, 68 എ എന്നീ വകുപ്പുകൾ പ്രകാരമുള്ള റിപ്പോർട്ടിന്റെയും കൂടാതെ സർക്കാരിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിന്റെ 66 ബി വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

38-ാം ഖണ്ഡം.—വായ്പ ഇടപാടുകൾ സംബന്ധിച്ച് അവരുടെ ത്രൈമാസ പത്രികകൾ സമർപ്പിക്കുന്നതിന് സഹകരണ സംഘങ്ങളെ ബാധ്യസ്ഥപ്പെടുത്തുന്നതിനും തിരുത്തലുകൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനും പ്രധാന ആക്റ്റിന്റെ 66 സി വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

39-ാം ഖണ്ഡം.—പോലീസിന്റെയോ വിജിലൻസിന്റെയോ റിപ്പോർട്ടിന്മേലും അന്വേഷണം നടത്തുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിന്റെ 68-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

40-ാം ഖണ്ഡം.—സംഘത്തിൽ ശ്രദ്ധയിൽപ്പെട്ട പണാപഹരണം, ക്രമക്കേടുകൾ, അഴിമതി എന്നിവ സംബന്ധിച്ച കേസുകൾ അന്വേഷണത്തിനും തുടർനടപടികൾക്കുമായി പോലീസിനോ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയ്ക്കോ അയച്ചുകൊടുക്കാൻ സർക്കാരിനോ രജിസ്ട്രാർക്കോ അധികാരം നൽകുന്നതിനായി പ്രധാന ആക്റ്റിലെ 68 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

41-ാം ഖണ്ഡം.—ഹോൾഡിംഗ് സഹകരണ സംഘങ്ങളും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും തമ്മിലും പങ്കാളിത്ത സ്ഥാപനങ്ങളിലെ അംഗങ്ങൾ തമ്മിലുമുള്ള കേസുകൾ തീർപ്പാക്കുന്നതിന് ആർബിട്രേഷൻ കോടതി/രജിസ്ട്രാർക്ക് അധികാരം നൽകുന്നതിനായി പ്രധാന ആക്റ്റിലെ 69-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

42-ാം ഖണ്ഡം.—എല്ലാ സഹകരണ സംഘങ്ങളെയും കേരള സഹകരണ ഓംബുഡ്സ്മാൻ സ്കീമിന് കീഴിൽ കൊണ്ടുവരുന്നതിന് പ്രധാന ആക്റ്റിലെ 69 എ വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

43-ാം ഖണ്ഡം.—ആർബിട്രേറ്റർ അവാർഡ് പാസ്സാക്കുന്നതിന് സമയ പരിധി നിശ്ചയിക്കുന്നതിന് പ്രധാന ആക്റ്റിലെ 70-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

44-ാം ഖണ്ഡം.—പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യതയിൽ മാറ്റം വരുത്തുവാൻ പ്രധാന ആക്റ്റിലെ 70 എ വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

45-ാം ഖണ്ഡം.—നിശ്ചിത സമയത്തിനുള്ളിൽ അവസാനിപ്പിക്കൽ പ്രക്രിയ പാലിക്കാനാകാത്തതു സംബന്ധിച്ച് ലിക്വിഡേറ്റർ അഭിമുഖീകരിക്കുന്ന നടപടിക്രമപരമായ തടസ്സങ്ങൾ സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിനായി പ്രധാന ആക്റ്റിലെ 73-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

46-ാം ഖണ്ഡം.—സർക്കാരിന് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് രജിസ്ട്രാറോട് ആവശ്യപ്പെടുന്നതിന് പ്രധാന ആക്റ്റിലെ 74 സി വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

47-ാം ഖണ്ഡം.—ഓംബുഡ്സ്മാന്റെ ഉത്തരവ് സിവിൽ കോടതിയിലെ ഓർഡർ അഥവാ ഡിക്രി എന്നപോലെ നടപ്പിലാക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 76-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

48-ാം ഖണ്ഡം.—സംഘത്തിലെ ഓഫീസർമാരെ നിയമിക്കുന്നതിന് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നതിന് പ്രധാന ആക്റ്റിലെ 80-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

49-ാം ഖണ്ഡം.—സംസ്ഥാനത്തെ സഹകരണ യൂണിയനെ പെൻഷൻ സ്കീമിനു വേണ്ടി ഉൾപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 80 എ വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

50-ാം ഖണ്ഡം.—എല്ലാ സഹകരണ സംഘങ്ങളിലെയും ബോർഡുകളിലെയും മറ്റ് സ്ഥാപനങ്ങളിലേയും ജൂനിയർ ക്ലർക്കിനും അതിനു മുകളിലുമുള്ള തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾ സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് എഴുത്ത് പരീക്ഷ മുഖേന നടത്തേണ്ടത് ഉറപ്പാക്കുന്നതിന് ഒരു ഖണ്ഡം പ്രധാന ആക്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 80 ബി വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

51-ാം ഖണ്ഡം.—സർക്കിൾ സഹകരണ യൂണിയനിലേക്ക് അസിസ്റ്റന്റ് സഹകരണ ആഡിറ്റ് ഡയറക്ടറെ ഉൾപ്പെടുത്തുന്നതിന് പ്രധാന ആക്റ്റിലെ 88-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

52-ാം ഖണ്ഡം.—സർക്കിൾ സഹകരണ യൂണിയനിലെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്ററെയോ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ കൂടി നിയമിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്ടിലെ 88 ബി വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

53-ാം ഖണ്ഡം.—സംസ്ഥാന സഹകരണ യൂണിയനിലെ മാനേജിംഗ് കമ്മിറ്റിയുടെ ഘടന പുനക്രമീകരിക്കുന്നതിന് പ്രധാന ആക്ടിലെ 89-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

54-ാം ഖണ്ഡം.—സംസ്ഥാന സഹകരണ യൂണിയനിലെ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ അഡീഷണൽ രജിസ്ട്രാറിൽ കുറയാത്ത യോഗ്യതയുള്ള ഒരു ഓഫീസറെയോ, അഡ്മിനിസ്ട്രേറ്ററെയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്ടിലെ 89 ബി വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

55-ാം ഖണ്ഡം.—വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയനെ അധികാരപ്പെടുത്തുന്നതിന് പ്രധാന ആക്ടിലെ 91-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

56-ാം ഖണ്ഡം.—ചില കുറ്റങ്ങൾക്ക് പിഴതുക ഉയർത്തുന്നതിന് പ്രധാന ആക്ടിലെ 94-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

57-ാം ഖണ്ഡം.—പട്ടികയിൽ മൂന്ന് സംഘങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് പ്രധാന ആക്ടിലെ പട്ടിക I ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

//ശരിത്തർജ്ജമ//

# 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.— ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(എബി) " സഹകരണ സംഘങ്ങളുടെ കണക്കുകളുടെ ആഡിറ്റിംഗ്" എന്നാൽ ധനകാര്യ ഇടപാടുകളുടെയും അവധി കഴിഞ്ഞ കടങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിന്റെയും ബിസിനസ്സിനായി സൂക്ഷിക്കുന്ന കണക്കു ബുക്കുകളുടെയും പ്രമാണങ്ങളുടെയും, മറ്റ് രേഖകളുടെയും സൂക്ഷ്മമായ പരിശോധനയും ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കലും എന്നർത്ഥമാകുന്നതും അതിൽ സംഘത്തിന്റെയും സബ്സിഡിയറി സ്ഥാപനങ്ങളുടെയും ഇടപാടുകളുടെ കണക്കുകളിലെ കൃത്യതയും സഹകരണ തത്ത്വങ്ങൾക്കനുസൃതമായി അംഗങ്ങളുടെ സാമ്പത്തിക ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിൽ അതിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം പ്രയോജനപ്രദമായി എന്നതും തിട്ടപ്പെടുത്തുവാനുള്ള അന്വേഷണവും ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(എസി) "ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘം" എന്നാൽ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ പാലും പാലുല്പന്നങ്ങളും സംഭരിക്കുക, വിപണനം നടത്തുക, വിപണിയിൽ മിച്ചം വരുന്ന പാൽ മേഖലാ സഹകരണ ക്ഷീരോൽപ്പാദന യൂണിയനിൽ നൽകുക, ക്ഷീരകർഷകർക്ക് സാമഗ്രികൾ പ്രദാനം ചെയ്യുക എന്നീ പ്രധാന ഉദ്ദേശ്യങ്ങളോടുകൂടി 1980 ജനുവരി 1-നോ അതിനു ശേഷമോ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആനന്ദ് മാതൃകയിലുള്ള മാതൃകാ ബൈലാ പ്രകാരം പ്രവർത്തിച്ചുവരുന്നതും മറ്റുവിധത്തിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നറിയപ്പെടുന്നതുമായ പ്രാഥമിക ക്ഷീര സഹകരണ സംഘം എന്നർത്ഥമാകുന്നു;

** ** ** **

(ഡിഎ) "ചീഫ് എക്സിക്യൂട്ടീവ്" എന്നാൽ ആക്റ്റോ ചട്ടങ്ങളോ ഉപനിയമങ്ങളോ പ്രകാരം ഒരു ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന, ഒരു സഹകരണ സംഘത്തിലെ ഏതൊരു ഉദ്യോഗപ്പേരിലും ഉള്ള ഏതൊരു ജീവനക്കാരനും എന്നർത്ഥമാകുന്നതും സംസ്ഥാന സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനോ മറ്റേതെങ്കിലും സ്ഥാപനത്തിലേയോ സഹകരണ സംഘത്തിലേയോ ജീവനക്കാരനോ ഉൾപ്പെടുന്നതു മാകുന്നു:

** ** ** **

(ഐബി) " ഫെഡറൽ സഹകരണ സംഘം" എന്നാൽ ഒന്നിൽ കൂടുതൽ ജില്ലകൾ അതിന്റെ പ്രവർത്തന മേഖലയായിട്ടുള്ളതും മറ്റ് സഹകരണ സംഘങ്ങളും സർക്കാരും വ്യക്തികളും മറ്റു സഹകരണ സംഘങ്ങളും അതിന്റെ അംഗങ്ങളായിട്ടുള്ളതും ആയ ഒരു സംഘം എന്നർത്ഥമാകുന്നു;

** ** ** **

(ഒഎഎ) "പ്രാഥമിക കാർഷിക വായ്പാ സംഘം" എന്നാൽ കാർഷിക വായ്പാ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും കാർഷിക ആവശ്യങ്ങൾക്കായി വായ്പകളും മുൻകൂറുകളും നൽകുകയും, അത്തരം വായ്പകൾക്കും മുൻകൂറുകൾക്കുമുള്ള പലിശ നിരക്ക് രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിലായിട്ടുള്ളതും, മുഖ്യലക്ഷ്യമായിട്ടുള്ളതും അവയുടെ പ്രവർത്തനമേഖല ഒരു ഗ്രാമമോ പഞ്ചായത്തോ അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റിയോ ആയി പരിമിതപ്പെടുത്തിയിട്ടുള്ളതുമായ ഒരു സർവ്വീസ് സഹകരണ സംഘവും, ഒരു സർവ്വീസ് സഹകരണ ബാങ്കും, ഒരു കാർഷിക സർവ്വീസ് സഹകരണ ബാങ്കും, ഒരു ഗ്രാമീണ ബാങ്കും എന്നർത്ഥമാകുന്നു:

എന്നാൽ പ്രവർത്തനമേഖല സംബന്ധിച്ച നിയന്ത്രണം 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റിന്റെ (2000-ലെ 1) പ്രാരംഭത്തിൽ നിലവിലുള്ള സംഘങ്ങൾക്കോ ബാങ്കുകൾക്കോ ബാധകമാകുന്നതല്ല:

എന്നിരുന്നാലും മേൽപറഞ്ഞ മുഖ്യലക്ഷ്യം നിറവേറ്റപ്പെടുന്നില്ലെങ്കിൽ, ആ സംഘങ്ങൾക്ക്, ആക്റ്റിലും ചട്ടങ്ങളിലും ഉപനിയമങ്ങളിലും വിനിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ, നിലവിലുള്ള ജീവനക്കാരുടെ സംഖ്യാബലം ഒഴികെയുള്ള, എല്ലാ സവിശേഷതകളും നഷ്ടപ്പെടുന്നതാണ്.

(ഒബി) "പ്രാഥമിക ക്രെഡിറ്റ് സംഘം" എന്നാൽ അതിന്റെ അംഗങ്ങൾക്ക് കടം കൊടുക്കുന്നതിനു വേണ്ടി ഫണ്ടുണ്ടാക്കുന്നത് പ്രധാന ലക്ഷ്യമാക്കിയിട്ടുള്ള, ഒരു അപ്പെക്സ് സംഘമോ കേന്ദ്രസംഘമോ അല്ലാത്ത, ഒരു സംഘം എന്നർത്ഥമാകുന്നു;

** ** ** **

(ഒഡി) "പ്രാഥമിക സഹകരണ സംഘം" എന്നാൽ, ഒരു റവന്യൂ ജില്ലയിൽ മുഴുവനായോ അല്ലെങ്കിൽ അങ്ങനെയുള്ള റവന്യൂ ജില്ലയിലെ വിനിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും പ്രദേശത്തോ അധികാരിത ഉള്ളതും, വ്യക്തി അല്ലെങ്കിൽ വ്യക്തികളും മറ്റു സഹകരണ സംഘങ്ങളും, അതിന്റെ അംഗങ്ങളായിട്ടുള്ളതും ആയ ഒരു സംഘം എന്നർത്ഥമാകുന്നു;

(ഒഇ) "പ്രൈമറി ടൂറിസം സഹകരണ സംഘം" എന്നാൽ അതിന്റെ പ്രവർത്തന മേഖല ഒരു താലൂക്കിൽ പരിമിതപ്പെടുത്തിയിട്ടുള്ളതും വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത് പ്രധാന ലക്ഷ്യത്തോടു കൂടിയതുമായ ഒരു സംഘം എന്ന് അർത്ഥമാകുന്നു:

** ** ** **

(പി) "രജിസ്ട്രാർ" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സഹകരണസംഘം രജിസ്ട്രാർ എന്നർത്ഥമാകുന്നതും, അതിൽ ഈ ആക്റ്റ് പ്രകാരം രജിസ്ട്രാർക്കുള്ള എല്ലാ അധികാരങ്ങളുമോ അഥവാ ഏതെങ്കിലും അധികാരമോ നൽകപ്പെട്ട ഏതൊരു വ്യക്തിയും ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(ക്യൂബി) "പട്ടികവർഗ്ഗം" എന്നാൽ 1950-ലെ ഭരണഘടന (പട്ടികവർഗ്ഗം) ഉത്തരവിൽ, കേരള സംസ്ഥാനത്തെ സംബന്ധിച്ച് വിനിർദ്ദേശിച്ചിട്ടുള്ള പട്ടികവർഗ്ഗം എന്നർത്ഥമാകുന്നു.

** ** ** **

(ആർ എ) "സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്ക് " എന്നാൽ പ്രാഥമിക സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകൾ മാത്രം അതിന്റെ അംഗങ്ങളായിട്ടുള്ളതും, 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകൾ ആക്റ്റിൽ (1984-ലെ 20) അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിച്ചുവരുന്നതുമായ ഒരു അപ്പക്സ് സംഘമെന്ന് അർത്ഥമാകുന്നു;

** ** ** **

(യു) "വർഷം" എന്നാൽ ഏതെങ്കിലും വർഷം ഏപ്രിൽ ഒന്നാം തീയതിക്ക് ആരംഭിച്ച് അടുത്ത വർഷം മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലം എന്നോ അഥവാ രജിസ്ട്രാറുടെ മുന്നനുമതിയോടുകൂടി കണക്കുകൾ മറ്റേതെങ്കിലും തീയതിക്ക് ആക്കിയിട്ടുള്ള രജിസ്റ്റർ ചെയ്ത ഏതെങ്കിലും സംഘത്തിന്റേയോ രജിസ്റ്റർ ചെയ്ത ഏതെങ്കിലും തരത്തിൽപ്പെട്ട സംഘങ്ങളുടെയോ സംഗതിയിൽ, അങ്ങനെയുള്ള തീയതിക്ക് അവസാനിക്കുന്ന വർഷം എന്നോ അർത്ഥമാകുന്നു.

3. <u>രജിസ്ട്രാർ</u>.—(1) ഗവൺമെന്റിന്, സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ രജിസ്ട്രാറായി ഒരു വ്യക്തിയെ നിയമിക്കാവുന്നതാണ്.

(2) ഗവൺമെന്റിന് ഈ ആക്റ്റു പ്രകാരം രജിസ്ട്രാർക്കുള്ള എല്ലാ അധികാരങ്ങളും അഥവാ ഏതെങ്കിലും അധികാരം സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം ഏതൊരാൾക്കും നൽകാവുന്നതാണ്.

** ** ** **

7. <u>രജിസ്റ്റർ ചെയ്യൽ</u>.— (1)(എ) അപേക്ഷ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമാണെന്നും;

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശങ്ങൾ 4-ാം വകുപ്പനുസരിച്ചുള്ളവയാണെന്നും;

(സി) നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പ്രദേശവും അതേ രൂപത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പ്രദേശവും തമ്മിൽ അതിവ്യാപിപ്പിക്കുകയില്ലെന്നും;

(ഡി) നിർദ്ദിഷ്ട ഉപനിയമങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായിട്ടുള്ളവയല്ലെന്നും;

(ഇ) നിർദ്ദിഷ്ട സംഘം ശരിയായ ബിസിനസിനു വേണ്ട കാര്യങ്ങൾ അനുസരിച്ചുകൊള്ളേണ്ടതാണെന്നും രജിസ്ട്രാർക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് അപേക്ഷ സ്വീകരിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം ആ സംഘവും അതിന്റെ ഉപനിയമങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണ്.

(2) ഒരു സംഘം രജിസ്റ്റർ ചെയ്യുവാൻ രജിസ്ട്രാർ വിസമ്മതിക്കുന്ന പക്ഷം, അദ്ദേഹം നിഷേധ ഉത്തരവ് അതിനുള്ള കാരണങ്ങളോടു കൂടി ആ ഉത്തരവിന്റെ തീയതി മുതൽ ഏഴ് ദിവസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന അപേക്ഷകരെ അറിയിച്ചിരിക്കേണ്ടതാണ്.

(3) ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ അതു ലഭിക്കുന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം രജിസ്ട്രാർ തീർപ്പാക്കേണ്ടതാണ്.

** ** ** **

8 <u>എ</u>. <u>അപ്പെക്സ് സംഘത്തോട് അഫിലിയേറ്റ് ചെയ്യൽ</u>.—(1) ഓരോ പ്രാഥമിക സഹകരണ സംഘത്തിനോ, കേന്ദ്ര സഹകരണ സംഘത്തിനോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അങ്ങനെയുള്ള സമയത്തിനുള്ളിലും ബന്ധപ്പെട്ട അപ്പെക്സ് സംഘവുമായോ, കേന്ദ്ര സംഘവുമായോ, അതതു സംഗതി പോലെ, അഫിലിയേറ്റ് ചെയ്യുന്നതിന് അപേക്ഷിക്കാവുന്നതാണ്.

(2) അപ്പെക്സ് സംഘമോ, കേന്ദ്ര സംഘമോ അഫിലിയേറ്റ് ചെയ്യുവാനുള്ള അപേക്ഷ സ്വീകരിച്ച ദിവസം മുതൽ അറുപതു ദിവസത്തിനുള്ളിൽ, അത്തരം അഫിലിയേഷൻ

അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാത്തപക്ഷം, അപ്രകാരമുള്ള അറുപതു ദിവസ കാലാവധി കഴിയുന്ന തീയതി മുതൽ അപേക്ഷ സംഘത്തിന് അങ്ങനെയുള്ള അഫിലിയേഷൻ നൽകപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

** ** ** **

13 എ. ഉപനിയമങ്ങളിലെ വിഷയം.—ഓരോ സഹകരണ സംഘവും ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി അതിന്റെ ഉപനിയമങ്ങൾ ഉണ്ടാക്കേണ്ടതും ഒരു സഹകരണ സംഘത്തിന്റെ ഉപനിയമങ്ങളിലെ യാതൊരു വ്യവസ്ഥയും ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമാകാൻ പാടില്ലാത്തതുമാകുന്നു.

14. സംഘങ്ങൾ കൂട്ടിച്ചേർക്കുകയും വിഭജിക്കുകയും അവയുടെ ആസ്തി ബാദ്ധ്യതകൾ കൈമാറ്റം ചെയ്യുകയും ചെയ്യൽ.—(1) സംഘത്തിന്, സംഘത്തിന്റെ പൊതുയോഗത്തിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ഭൂരിപക്ഷത്തോടു കൂടി പാസാക്കിയ പ്രമേയം മൂലവും,—

(എ) അതിന്റെ ആസ്തി ബാദ്ധ്യതകൾ പൂർണ്ണമായോ, ഭാഗികമായോ മറ്റേതെങ്കിലും സംഘത്തിലേയ്ക്ക് കൈമാറ്റം ചെയ്യുകയും;

(ബി) അതിനെത്തന്നെ രണ്ടോ, അധികമോ സംഘങ്ങളായി വിഭജിക്കുകയും ചെയ്യാവുന്നതാണ്.

** ** ** **

(7) ഈ വകുപ്പുപ്രകാരം സംഘം പാസ്സാക്കുന്ന പ്രമേയത്തിൽ വല്ല ആസ്തി ബാദ്ധ്യതകളുടെയും കൈമാറ്റം ഉൾപ്പെടുന്നുണ്ടെങ്കിൽ, തൽക്കാലം നിലവിലുള്ള വല്ല നിയമത്തിലും എന്തുതന്നെ ഉണ്ടായിരുന്നാൽ കൂടി ആ പ്രമേയം കൈമാറ്റി കിട്ടുന്ന ആളിൽ ആസ്തി ബാദ്ധ്യതകൾ കൂടുതലായി യാതൊരുറപ്പും കൂടാതെ തന്നെ നിക്ഷിപ്തമാക്കുന്നതിന് മതിയായ കൈമാറാമായിരിക്കുന്നതാണ്.

** ** ** **

14 എഎ. അംഗങ്ങളുടെ സാമ്പത്തിക ക്ഷേമത്തിനായി സബ്സിഡിയറി സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കൽ.—(1) ഒരു സഹകരണ സംഘത്തിന്, ജനറൽ ബോഡി യോഗത്തിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങൾ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയ ഒരു പ്രമേയം വഴി, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും

നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന, ഒന്നോ അതിലധികമോ സബ്സിഡിയറി സ്ഥാപനങ്ങളെ, രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പോഷിപ്പിക്കുന്നതിനായി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

** ** ** **

(3) അത്തരത്തിലുള്ള ഏതൊരു സബ്സിഡിയറി സ്ഥാപനത്തിന്റെയും വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും ഓരോ വർഷവും പ്രോത്സാഹനം നൽകുന്ന സഹകരണ സംഘത്തിന്റെ ജനറൽ ബോഡി യോഗത്തിൽ വയ്ക്കേണ്ടതാണ്.

14 ബി. സഹകരണ സംഘങ്ങളുടെ പങ്കാളിത്തം.—(1) ഏതെങ്കിലും രണ്ടോ അതിലധികമോ സഹകരണ സംഘങ്ങൾക്ക് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ, അങ്ങനെയുള്ള ഓരോ സഹകരണ സംഘത്തിന്റെയും ജനറൽ ബോഡി യോഗത്തിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങൾ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയ ഒരു പ്രമേയം വഴി ഏതെങ്കിലും ഒന്നോ അതിലധികമോ പ്രത്യേക ബിസിനസ്സ് ചെയ്യുന്നതിനുവേണ്ടി പങ്കാളിത്തത്തിൽ ഏർപ്പെടാവുന്നതാണ്. ജനറൽ ബോഡി യോഗത്തിന്റെ രേഖാമൂലമായ നോട്ടീസ് അങ്ങനെയുള്ള യോഗത്തിന്റെ പതിനഞ്ച് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പേ ഓരോ അംഗത്തിനും നൽകേണ്ടതാണ്.

(2) പങ്കാളിത്തം, സഹകരണ സംഘത്തിലെയോ/സഹകരണ സംഘങ്ങളിലെയോ അംഗങ്ങളുടെ താത്പര്യത്തിനോ പൊതുതാല്പര്യത്തിനോ പൊതുവായ സഹകരണ പ്രസ്ഥാനത്തിന്റെ താല്പര്യത്തിനോ ആയിരിക്കേണ്ടതും അത് 1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ് (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു പങ്കാളിത്ത ഫേമായി രജിസ്റ്റർ ചെയ്തത് എന്ന് അർത്ഥമാകാത്തതുമാണ്.

** ** ** **

16. അംഗങ്ങളായിരിക്കാവുന്ന ആളുകൾ.—(1)താഴെപ്പറയുന്നവരൊഴികെ, യാതൊരാളെയും സംഘത്തിലെ അംഗമായി ചേർക്കുവാൻ പാടുള്ളതല്ല, അതായത്:—

(എ) (i) പതിനെട്ടു വയസ്സ് പൂർത്തിയായ ഒരു വ്യക്തി:

എന്നാൽ ഈ ഉപവകുപ്പ് ഏതെങ്കിലും സ്കൂളിലെയോ, കോളേജിലെയോ വിദ്യാർത്ഥികളുടെ ഗുണാനുഭവത്തിനായി മാത്രം രൂപീകരിച്ചിട്ടുള്ള ഒരു സംഘത്തിന്റെ കാര്യത്തിൽ ബാധകമാകുന്നതല്ല.

** ** ** **

18. <u>നാമമാത്രമായ അംഗങ്ങൾ അഥവാ അസോസിയേറ്റ് അംഗങ്ങൾ (സഹാംഗങ്ങൾ)</u>.—(1) ഒരു സംഘത്തിന് ഏതൊരു വ്യക്തിയെയും നാമമാത്രമായ അംഗമായോ, സഹാംഗമായോ ചേർക്കാവുന്നതാണ്.

** ** ** **

19. <u>വിഹിതം കൊടുക്കുന്നതുവരെ അംഗങ്ങൾ അവകാശങ്ങൾ വിനിയോഗിക്കുവാൻ പാടില്ലെന്ന്</u>.—സംഘത്തിലെ യാതൊരംഗവും ചട്ടങ്ങളോ ഉപനിയമങ്ങളോമൂലം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അംഗത്വം സംബന്ധിച്ച് താൻ സംഘത്തിന് കൊടുക്കേണ്ട തുക കൊടുക്കുകയോ, സംഘത്തിൽ അവകാശബന്ധം സമ്പാദിക്കുകയോ ചെയ്യുന്നതുവരെ അംഗത്തിന്റെ അവകാശങ്ങൾ വിനിയോഗിക്കുവാൻ പാടുള്ളതല്ല.

19 <u>ബി. വിവരം ലഭിക്കുവാൻ ഒരു അംഗത്തിനുള്ള അവകാശം</u>.—എല്ലാ സംഘങ്ങളും,—

(എ) 1969-ലെ കേരള സഹകരണ സംഘ ആക്റ്റിന്റെ നാളതുവരെയുള്ള ഒരു പകർപ്പും;

(ബി) 1969-ലെ കേരള സഹകരണ സംഘ ചട്ടങ്ങളുടെ നാളതുവരെയുള്ള ഒരു പകർപ്പും;

(സി) ആ സംഘത്തിന്റെ ഉപനിയമങ്ങളുടെ നാളതുവരെയുള്ള ഒരു പകർപ്പും;

(ഡി) ഒരു അംഗത്വ രജിസ്റ്ററും;

(ഇ) സംഘത്തിന്റെ ഏറ്റവും പുതിയ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റും;

(എഫ്) അയാളുടെയോ/അവളുടെയോ ഇടപാടുകളെ സംബന്ധിച്ചിടത്തോളം ഉള്ള സംഘത്തിന്റെ കണക്കുകളും,

അതിലെ അംഗങ്ങൾക്ക്, ന്യായമായ എല്ലാ സമയങ്ങളിലും സൗജന്യമായി, രജിസ്റ്റർ ചെയ്ത മേൽവിലാസത്തിലുള്ള സ്ഥലത്ത്, പരിശോധനയ്ക്ക് പ്രാപ്യമായി സൂക്ഷിക്കേണ്ടതാണ്.

** ** ** **

20. <u>അംഗങ്ങളുടെ വോട്ട്</u>.—ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംഘത്തിലെ ഓരോ അംഗത്തിനും സംഘത്തിന്റെ കാര്യങ്ങളിൽ ഒരു വോട്ട് ഉണ്ടായിരിക്കേണ്ടതാണ്;

എന്നാൽ,

** ** ** **

(ഡി) ഒരു സംഘത്തിന്റെ കമ്മിറ്റിയിലെ ഒരു എക്സ് ഒഫിഷ്യോ അംഗത്തിന് ഒരു വോട്ട് ഉണ്ടായിരിക്കുന്നതാണ്; എന്നാൽ സംഘത്തിന്റെ ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിൽ വോട്ട് ചെയ്യാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല;

** ** ** **

26. <u>മുൻകാല അംഗത്തിന്റേയോ, മരിച്ചുപോയ അംഗത്തിന്റെ എസ്റ്റേറ്റിന്റേയോ ബാദ്ധ്യത</u>.—(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി സംഘത്തിലെ ഒരു മുൻകാല അംഗത്തിനോ മരിച്ചുപോയ അംഗത്തിന്റെ എസ്റ്റേറ്റിനോ,—

(എ) ഒരു മുൻകാല അംഗത്തിന്റെ സംഗതിയിൽ, അയാൾ ഒരംഗമല്ലാതായിത്തീരുന്ന തീയതിയിലോ,

** ** ** **

28. <u>കമ്മിറ്റിയെ നിയമിക്കൽ</u>.—(1) സംഘത്തിന്റെ ജനറൽബോഡി, ഉപനിയമങ്ങൾക്കനുസരണമായി അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഒരു കമ്മിറ്റി സംഘടിപ്പിക്കുകയും, സംഘകാര്യാദികളുടെ നടത്തിപ്പ് ആ കമ്മിറ്റിയെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാകുന്നു:

** ** ** **

എന്നുമാത്രമല്ല, ഏതെങ്കിലും സംഘത്തിന്റെ ബൈലോകളിൽ അടങ്ങിയിട്ടുള്ള വിരുദ്ധമായ ഏതെങ്കിലും വ്യവസ്ഥകൾ പരിഗണിക്കാതെ സംഘങ്ങളിലെ കമ്മിറ്റികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ നടത്താൻ പാടില്ലാത്തതാണ്.

** ** ** **

(1 <u>എ</u>) സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം ഏഴിൽ കുറയാൻ പാടില്ലാത്തതും പ്രാഥമിക സഹകരണ സംഘങ്ങളുടെ സംഗതിയിൽ പതിമൂന്നിൽ കവിയാനും മറ്റ് എല്ലാ തരത്തിലുമുള്ള സഹകരണ സംഘങ്ങളുടെയും സംഗതിയിൽ ഇരുപത്തിയഞ്ചിൽ കവിയാനും പാടില്ലാത്തതാണ്.

എന്നാൽ 2010-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളുടെ കമ്മിറ്റികളുടെ സംഗതിയിൽ, അംഗങ്ങളുടെ പരമാവധി എണ്ണം പതിനഞ്ച് ആയിരിക്കേണ്ടതാണ്.

എന്നിരുന്നാലും, ഈ വകുപ്പ്, 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുൻപു രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളുടെയും മറ്റ് എല്ലാതരം സഹകരണ സംഘങ്ങളുടെയും കമ്മിറ്റികൾക്ക് ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, ഈ വകുപ്പ്, 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് ആക്റ്റിലെ നിലവിലിരുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും തിരഞ്ഞെടുപ്പ് നടപടിക്രമം ആരംഭിച്ചിട്ടുള്ളതുമായ സംഘങ്ങൾക്ക് ബാധകമാകുന്നതല്ല.

** ** ** **

(1സി) ഒരു പ്രാഥമിക വായ്പാ സംഘത്തിന്റെയോ ഒരു അർബൻ സഹകരണ ബാങ്കിന്റെയോ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള ഓരോ സംഘത്തിന്റെയും കമ്മിറ്റിയിലെ ഒരു സീറ്റ് പതിനായിരവും അതിലധികവും രൂപയുടെ ഒരു നിക്ഷേപമുള്ള അംഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്.

** ** ** **

(1ഇ) അപ്രകാരം നിയമിതനായ സ്പെഷ്യൽ ആഫീസർ,—

(i) മുൻപുണ്ടായിരുന്ന സംഘത്തിന് അവകാശപ്പെട്ടതോ അവകാശപ്പെട്ടതായി കാണപ്പെടുന്നതോ ആയ സ്വത്തുക്കളും മുതലുകളും വ്യവഹാരപ്പെടാവുന്ന തേർച്ചകളും സൂക്ഷിപ്പിൽ എടുക്കുകയോ തന്റെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടു വരികയോ ചെയ്യേണ്ടതും അങ്ങനെയുള്ള സ്വത്തുക്കൾക്കും മുതലുകൾക്കും വ്യവഹാരപ്പെടാവുന്ന തേർച്ചകൾക്കുമുള്ള നഷ്ടമോ ക്ഷയമോ നാശമോ തടയുന്നതിന് ആവശ്യമായതോ യുക്തമായതോ ആയ നടപടികൾ സ്വീകരിക്കേണ്ടതും;

(ii) സംഘത്തിന്റെ പ്രവർത്തനപ്രദേശവും ആസ്തികളും ബാദ്ധ്യതകളും വിഭജിക്കുന്നതിന് അങ്ങനെയുള്ള നടപടികൾ എടുക്കേണ്ടതും കൂടാതെ അപ്രകാരം വിഭജിക്കപ്പെട്ട സംഘത്തിലെ അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ സംഘം രജിസ്റ്റർ ചെയ്യുന്നതിനും കമ്മിറ്റി രൂപീകരിക്കുന്നതിനുമുള്ള എല്ലാ നടപടികളും എടുക്കേണ്ടതും;

(iii) അങ്ങനെയുള്ള വിഭജനം 2012-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസിന്റെ (2012-ലെ 9) പ്രാരംഭ തീയതി മുതൽ ഒരു വർഷക്കാലയളവിനുള്ളിൽ പൂർത്തീകരിച്ചിരിക്കേണ്ടതുമാണ്.

(1ജി) ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് മേഖലകളിൽ പരിചയം ഉള്ളതോ സഹകരണ സംഘം ഏറ്റെടുത്ത ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന മറ്റേതെങ്കിലും മേഖലയിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ളതോ ആയ രണ്ട് ആളുകളെയോ പ്രതിനിധികളെയോ അങ്ങനെയുള്ള സംഘത്തിന്റെ ബോർഡ് അംഗങ്ങളായി, അധികാരത്തിലുള്ള കമ്മിറ്റി, കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്:

** ** ** **

എന്നുമാത്രമല്ല, ഒരു സഹകരണ സംഘത്തിലെ അപ്രകാരം കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾ ബോർഡിലെ അംഗങ്ങൾ കൂടിയായിരിക്കുന്നതും (1എ) ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ആകെ ഡയറക്ടർമാരുടെ എണ്ണം കണക്കാക്കുന്ന ആവശ്യത്തിനുവേണ്ടി അങ്ങനെയുള്ള അംഗങ്ങളെ ഒഴിവാക്കേണ്ടതുമാണ്.

** ** ** **

(3) (2)-ാം ഉപവകുപ്പിന്റെ (എ) എന്ന ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ ഒരു സംഘത്തിന്റെ കമ്മിറ്റിയിലെ ഒരംഗം അതേ തരത്തിലുള്ള അപ്പെക്സ് സംഘത്തിന്റെയോ അഥവാ കേന്ദ്ര സംഘത്തിന്റേയോ കമ്മിറ്റിയിലെ ഒരംഗമായി നിയമിക്കപ്പെടുന്നതിനോ അഥവാ ഒരംഗമായിരിക്കുന്നതിനോ അയാളെ അയോഗ്യനാക്കുന്നതായി കരുതപ്പെടാവുന്നതല്ല:

എന്നാൽ യാതൊരാളും ഒരേതരത്തിലുള്ള ഒന്നിൽകൂടുതൽ സംഘത്തിന്റെ പ്രസിഡന്റായിരിക്കുകയോ അഥവാ ചെയർമാനായിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

** ** ** **

28 എബി. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് മുതലായവരുടെ തെരഞ്ഞെടുപ്പും നീക്കം ചെയ്യലും.—(1) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി, അവരിൽനിന്നും ഒരു പ്രസിഡന്റ്, ഒരു വൈസ് പ്രസിഡന്റ്, ഒരു ട്രഷറർ അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ, അയാൾക്ക് എന്തുതന്നെ ഉദ്യോഗപ്പേര് നൽകിയാലും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, തെരഞ്ഞെടുക്കേണ്ടതാണ്.

(2) ഒരു കമ്മിറ്റി അതിന്റെ പ്രസിഡന്റിനേയോ, വൈസ് പ്രസിഡന്റിനേയോ, ട്രഷററേയോ അഥവാ കമ്മിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനേയോ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾക്ക് അനുസൃതമായി, അവരിൽ ഏതെങ്കിലും ഒരാളിലോ അല്ലെങ്കിൽ എല്ലാവരിലുമോ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം അങ്ങനെയുള്ള കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങളുടെ പിന്തുണയോടെ പാസ്സാക്കുന്നപക്ഷം, ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.

** ** ** **

28 ബി. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ.—(1)ഈ ആക്റ്റിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രതിനിധി പൊതുസഭ ഉൾപ്പെടെ സഹകരണ സംഘങ്ങളിലേക്ക് ഉള്ള എല്ലാ തിരഞ്ഞെടുപ്പുകൾക്കും സമ്മതിദായക പട്ടിക തയ്യാറാക്കുന്നതിന്റെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന്റെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വേണ്ടി ഒരു സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

** ** ** **

29. വാർഷിക പൊതുയോഗം.—(1) സംഘത്തിന്റെ പൊതുയോഗം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ആറുമാസകാലയളവിനുള്ളിൽ കൂടേണ്ടതാണ്—

** ** ** **

(സിസി) സബ്സിഡിയറി സ്ഥാപനം, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന്റെ വാർഷിക റിപ്പോർട്ടിന്റെയും കണക്കുകളുടെയും പുനഃരവലോകനത്തിനും;

(സിഡി) ഉപനിയമങ്ങളുടെ ഭേദഗതിയ്ക്കും;

(സിഇ) അതിന്റെ ജനറൽ ബോഡി യോഗം കൂടേണ്ടതിന്റെയും നിശ്ചിത സമയത്ത് തിരഞ്ഞെടുപ്പ് നടത്തുന്നതിന്റെയും തീയതി സംബന്ധിച്ച പ്രഖ്യാപനത്തിനും;

** ** ** **

(2) രജിസ്ട്രാർക്കോ അദ്ദേഹം നിയോഗിക്കുന്ന മറ്റേതൊരു വ്യക്തിക്കോ ഏതൊരു സംഘത്തിന്റെയും കമ്മിറ്റിയോഗത്തിലോ, ജനറൽ ബോഡി യോഗത്തിലോ ഹാജരാകുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

31. അപ്പെക്സ് സംഘത്തിന്റെയോ കേന്ദ്രസംഘത്തിന്റെയോ കമ്മിറ്റിയിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ.—(1) സർക്കാർ,—

** ** ** **

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പെക്സ് സംഘത്തിന്റേയോ കേന്ദ്ര സംഘത്തിന്റേയോ കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾ, ഏതെങ്കിലും അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുക്കാനോ അങ്ങനെയുള്ള ഏതെങ്കിലും പ്രമേയത്തിന്മേൽ വോട്ടു ചെയ്യാനോ പാടില്ലാത്തതാകുന്നു.

** ** ** **

32. കമ്മിറ്റിയെ നീക്കി പകരം കമ്മിറ്റിയെ നിശ്ചയിക്കൽ.—(1) രജിസ്ട്രാർക്ക്, അദ്ദേഹം സ്വയമേവയോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർ മുഖേനയോ ഒരു അന്വേഷണം നടത്തിയ ശേഷമോ അല്ലെങ്കിൽ ധനസഹായം ചെയ്യുന്ന ബാങ്കിന്റെയോ ഗവൺമെന്റിന്റെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെയോ അല്ലെങ്കിൽ വിജിലൻസ് ഓഫീസറുടെയോ റിപ്പോർട്ടിന്മേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഏതെങ്കിലും സംഘത്തിന്റെ കമ്മിറ്റി,—

** ** ** **

(ഡി) രേഖകൾ ദുരുപയോഗപ്പെടുത്തുകയോ നശിപ്പിക്കുകയോ അവയ്ക്ക് ഹാനിവരുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും തിരിമറിയോ തെറ്റായ നടപടിയോ മറച്ചുവയ്ക്കുന്നതിനായി രേഖകൾ നശിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന്, കമ്മിറ്റിക്ക് ആക്ഷേപങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, ബോധിപ്പിക്കുവാൻ ഒരവസരം നൽകിയതിനുശേഷം, രേഖാമൂലമായ ഉത്തരവ് വഴി, കമ്മിറ്റിയെ നീക്കം ചെയ്യാവുന്നതും തൽസ്ഥാനത്ത് സംഘത്തിന്റെ കാര്യനിർവ്വഹണത്തിനായി ഒരു അഡ്മിനിസ്ട്രേറ്ററേയോ മൂന്നിൽ കൂടുതലല്ലാത്ത ആളുകൾ ഉൾപ്പെടുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ, അവരിൽ ഒരാളെ കൺവീനറായും, അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല, ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേയ്ക്ക് നിയമിക്കാവുന്നതുമാണ്.

** ** ** **

എന്നുമാത്രമല്ല, സർക്കാരിന്റെ ഓഹരിയോ, വായ്പയോ, ധനസഹായമോ അല്ലെങ്കിൽ സർക്കാരിന്റെയോ സർക്കാരിനാൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ബോർഡിന്റെയോ സ്ഥാപനങ്ങളുടെയോ ഏതെങ്കിലും ഗ്യാരന്റിയോ ഇല്ലാതിരിക്കുന്നിടത്ത്, ഒരു സഹകരണ സംഘത്തിന്റെ ബോർഡിനെ അതിലംഘിക്കുവാനോ സസ്പെൻഷനിൽ വയ്ക്കുവാനോ പാടുള്ളതല്ല.

<u>വിശദീകരണം 1</u>:—ഈ ക്ലിപ്തനിബന്ധനയുടെ ആവശ്യങ്ങൾക്കായി, ധനസഹായം എന്നതിൽ, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, കേരള സഹകരണ നിക്ഷേപ ഗ്യാരന്റി നിധി ബോർഡ് നടപ്പിലാക്കുന്ന നിക്ഷേപ ഗ്യാരന്റി പദ്ധതി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന കേരള കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് സ്കീം, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്തിന്റെയോ കേന്ദ്ര സർക്കാരിന്റെയോ നിയന്ത്രണത്തിൻകീഴിലുള്ള മറ്റേതെങ്കിലും ധനകാര്യസ്ഥാപനം എന്നിവയിൽ നിന്നുള്ള ഏതെങ്കിലും ധനസഹായവും കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ ഗ്യാരന്റി ചെയ്യുന്ന മറ്റേതെങ്കിലും ധനസഹായവും ഉൾപ്പെടുന്നു.

** ** ** **

(ഇ) ഈ വകുപ്പ് പ്രകാരം അതിലംഘനം ചെയ്യപ്പെട്ട കമ്മിറ്റിയിലെ ഓരോ അംഗവും അപ്രകാരം അതിലംഘനം ചെയ്യപ്പെട്ട ഉത്തരവിന്റെ തീയതി മുതൽ രണ്ട് തുടർച്ചയായ കാലാവധികളിലേക്ക് ഏതെങ്കിലും ഒരു സംഘത്തിന്റെ കമ്മിറ്റിയിലേയ്ക്കുള്ള

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ ഏതെങ്കിലും സംഘത്തിലെ ഒരു അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുന്നതിനോ അയോഗ്യരായിരിക്കുന്നതാണ്.

** ** ** **

(4) അങ്ങനെ നിയമിക്കപ്പെടുന്ന കമ്മിറ്റിക്കും അഥവാ ഭരണകർത്താവിനോ അഥവാ ഭരണകർത്താക്കൾക്കോ അവർക്കും രജിസ്ട്രാറുടെ നിയന്ത്രണത്തിനും, അദ്ദേഹം അതതു സമയം നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി കമ്മിറ്റിയുടെയോ, അഥവാ സംഘത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ എല്ലാമോ അഥവാ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിനും സംഘത്തിന്റെ താല്പര്യാർത്ഥം ആവശ്യമായി വരാവുന്ന പ്രകാരമുള്ള എല്ലാ നടപടികളും എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

** ** ** **

33. <u>കമ്മിറ്റി മുതലായവ രൂപീകരിക്കാൻ വീഴ്ച വരുത്തുന്നപക്ഷം പുതിയ കമ്മിറ്റിയോ അഥവാ ഭരണകർത്താവിനെയോ നിയമിക്കൽ.</u>—(1) കമ്മിറ്റിയുടെ കാലാവധി അവസാനിച്ചിരിക്കു കയും ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാതിരിക്കുകയും ചെയ്യുകയോ, അഥവാ നിലവിലിരിക്കുന്ന കമ്മിറ്റിക്കെതിരായി പൊതുയോഗം ഒരു അവിശ്വാസപ്രമേയം പാസ്സാക്കിയിരിക്കുകയോ അഥവാ നിലവിലിരിക്കുന്ന കമ്മിറ്റി ഒന്നടങ്കം രാജിവയ്ക്കുകയോ അഥവാ ഒന്നുകിൽ രാജിമൂലമോ അഥവാ മറ്റുവിധത്തിലോ കമ്മിറ്റിയിൽ ഒഴിവുകൾ ഉണ്ടാക്കുകയോ ശേഷിച്ച അംഗസംഖ്യയ്ക്ക് കമ്മിറ്റിയോഗത്തിനുള്ള ക്വാറം തികയ്ക്കുന്നതിന് കഴിയാതെ വരികയോ അഥവാ കമ്മിറ്റി അതിന്റെ മറ്റുപ്രകാരമുള്ള യോഗം തുടർച്ചയായി ആറു മാസത്തേക്കു നടത്തുന്നതിന് വീഴ്ചവരുത്തുകയോ അഥവാ,

** ** ** **

(2) (1), (1എ) എന്നീ ഉപവകുപ്പുകൾ പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രജിസ്ട്രാറുടെ നിയന്ത്രണങ്ങൾക്കും, അദ്ദേഹം അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി കമ്മിറ്റിയുടെയും അഥവാ സംഘത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിനും സംഘത്തിന്റെ താൽപ്പര്യാർത്ഥം ആവശ്യമായിവരുന്ന പ്രകാരമുള്ള എല്ലാ നടപടികളും എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

** ** ** **

34. റിക്കാർഡുകളും മറ്റും കൈവശപ്പെടുത്തൽ.—(1) ഒരു സംഘത്തിന്റെ കമ്മിറ്റിയെ ആ സംഘത്തിന്റെ ഒരു പൊതുയോഗത്തിൽ വച്ച് പുനഃസംഘടിപ്പിക്കുകയോ അഥവാ ഒരു സംഘത്തിന്റെ കമ്മിറ്റിയെ 32-ാം വകുപ്പ് പ്രകാരം രജിസ്ട്രാർ നീക്കം ചെയ്യുകയോ, അഥവാ 33-ാം വകുപ്പ് പ്രകാരം ഒരു പുതിയ കമ്മിറ്റിയേയോ അഥവാ ഭരണകർത്താവിനെയോ അല്ലെങ്കിൽ ഭരണകർത്താക്കളേയോ നിയമിക്കുകയോ ചെയ്യുകയാണെങ്കിലോ, സംഘത്തിന്റെ പ്രവർത്തനം നിർത്തൽ ചെയ്യുവാൻ 71-ാം വകുപ്പ് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും കമ്മിറ്റിയിൽ നിന്ന് പുറത്ത് പോകുന്ന അംഗങ്ങൾ സംഘത്തിന്റെ റിക്കാർഡുകളുടെയും വസ്തുക്കളുടെയും ചാർജ് അതാത് സംഗതിപോലെ പുതിയ കമ്മിറ്റിക്കോ ഭരണകർത്താവിനോ ഭരണകർത്താക്കൾക്കോ, ലിക്വിഡേറ്റർക്കോ ഏൽപ്പിച്ചുകൊടുക്കാൻ വിസമ്മതിക്കുകയും ചെയ്യുകയാണെങ്കിലോ അഥവാ സംഘത്തിന്റെ റിക്കാർഡുകളും വസ്തുക്കളും സൂക്ഷിക്കുകയും പുറത്തുപോകുകയും ചെയ്യുന്ന പ്രസിഡന്റോ, സെക്രട്ടറിയോ ആ സംഘത്തിന്റെ റിക്കാർഡുകളുടെയും, വസ്തുക്കളുടെയും ചാർജ് അദ്ദേഹത്തിന്റെ പിൻഗാമിക്ക് ഏൽപ്പിച്ചുകൊടുപ്പാൻ വിസമ്മതിക്കുകയാണെങ്കിലോ പുതിയ കമ്മിറ്റിക്കോ, ഭരണകർത്താവിനോ ഭരണകർത്താക്കൾക്കോ ലിക്വിഡേറ്റർക്കോ, പ്രസിഡന്റിനോ, സെക്രട്ടറിക്കോ ഏത് മജിസ്ട്രേറ്റിന്റെ അധികാരാതിർത്തിക്കുള്ളിലാണോ സംഘം പ്രവർത്തിക്കുന്നത് ആ മജിസ്ട്രേറ്റിന്റെ അടുക്കൽ സംഘത്തിന്റെ റിക്കാർഡുകളും വസ്തുക്കളും കിട്ടുന്നതിനായി രജിസ്ട്രാറുടെ മുന്നനുമതിയോടുകൂടി അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

** ** ** **

36 എ. കടം വാങ്ങിയ ആളിന്റെ സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളിൻമേൽ ഗഹാൻ സൃഷ്ടിച്ചുകൊണ്ടുള്ള ചാർജ്ജ്.—ഈ ആക്റ്റിലെ മറ്റെന്തെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കടം വാങ്ങുന്ന ഒരാളിന്റെ സ്ഥാവരമോ ജംഗമമോ ആയ വസ്തുവിൻമേൽ, കേരള സംസ്ഥാന സഹകരണ ബാങ്കിന്റേയോ ജില്ലാ സഹകരണ ബാങ്കിന്റേയോ പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റേയോ പ്രാഥമിക ഭവനനിർമ്മാണ സംഘത്തിന്റേയോ ഒരു അർബൻ സഹകരണ ബാങ്കിന്റേയോ വായ്പാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ പേർക്ക്, ഗഹാൻ വഴി ചാർജ്ജ് സൃഷ്ടിക്കാവുന്നതും, ആയതിന് കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള, 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകൾ ആക്റ്റിലെ (1984-ലെ 20) 10

മുതൽ 15 വരെയുള്ള വകുപ്പുകളിലെ (രണ്ടും ഉൾപ്പെടെ) വ്യവസ്ഥകൾ, പ്രസ്തുത വകുപ്പുകളിലുള്ള "കാർഷിക - ഗ്രാമീണ വികസന ബാങ്ക്", "പ്രാഥമിക ബാങ്ക്", "ബാങ്ക്", "പ്രസ്തുത ബാങ്കുകൾ" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "സംസ്ഥാന സഹകരണ ബാങ്ക് അഥവാ ജില്ലാ സഹകരണ ബാങ്കുകൾ", "പ്രാഥമിക കാർഷിക വായ്പാ സംഘം അഥവാ പ്രാഥമിക ഭവനനിർമ്മാണ സംഘം", അഥവാ ഒരു അർബൻ സഹകരണ ബാങ്ക് അല്ലെങ്കിൽ വായ്പാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങൾ, "സംഘം", "പ്രസ്തുത ബാങ്ക് അഥവാ സംഘം" എന്നീ വാക്കുകൾ പകരം ചേർത്ത് വരുത്തിയ ഭേദഗതിയോടുകൂടി ബാധകമാകുന്നതാണ്.

** ** ** **

56. അറ്റാദായം വിനിയോഗിക്കൽ.—(1) ഒരു സംഘം ഏതെങ്കിലും വർഷത്തെ അതിന്റെ അറ്റാദായത്തിൽ നിന്ന്,—

** ** ** **

(സിസി) അറ്റാദായത്തിന്റെ അഞ്ച് ശതമാനം രജിസ്ട്രാർ നടത്തിപ്പോരുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ടിലേക്ക് നൽകുക;

** ** ** **

56 എ. ബാങ്കിംഗ് ഇതര ആസ്തികൾ കൈയൊഴിക്കൽ.—വായ്പ തുക വസൂലാക്കുന്നതിനായി വിൽപ്പനാധികാരി മുഖേനയുള്ള വിൽപ്പനയിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമ നടപടികളിലൂടെയോ ഒരു സഹകരണ സംഘം ആർജ്ജിച്ച സ്ഥാവര സ്വത്ത്, അത് ആർജ്ജിച്ച തീയതി മുതൽ ഏഴുവർഷത്തിനുള്ളിൽ ജനറൽ ബോഡിയുടെയും രജിസ്ട്രാറുടെയും മുൻകൂർ അനുമതിയോടുകൂടി കൈയൊഴിക്കേണ്ടതാണ്.

** ** ** **

57. ഫണ്ടു നിക്ഷേപിക്കൽ.—ഒരു സംഘത്തിന് അതിന്റെ ഫണ്ട്—

(എ) ഗവൺമെന്റ് സേവിംഗ്സ് ബാങ്കിലോ;

(ബി) 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ് (1882-ലെ 2-ാം കേന്ദ്ര ആക്റ്റ്) 20-ാം വകുപ്പിൽ പറഞ്ഞ ഏതെങ്കിലും സെക്യൂരിറ്റിയിലോ;

(സി) സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം രജിസ്ട്രാർ ഈ ആവശ്യത്തിനായി അംഗീകരിച്ച മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ;

(ഡി) ഈ ആവശ്യത്തിന് രജിസ്ട്രാർ അംഗീകരിച്ച ഏതെങ്കിലും ബാങ്കിലോ,

(ഇ) നിർണ്ണിയക്കപ്പെട്ട മറ്റേതെങ്കിലും രീതിയിലോ നിക്ഷേപിക്കുകയോ ഡിപ്പോസിറ്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

** ** ** **

59. വായ്പകളിന്മേൽ നിയന്ത്രണങ്ങൾ.—(1) സംഘം, അംഗമല്ലാത്ത യാതൊരാൾക്കോ സംഘത്തിനോ വായ്പ നൽകാൻ പാടില്ലാത്തതാകുന്നു:

** ** ** **

(3) (2)-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങൾക്കോ അംഗങ്ങൾ അല്ലാത്തവർക്കോ വായ്പകൾ അനുവദിച്ച നൽകുന്നതും അവയുടെ വസൂലാക്കലും രജിസ്ട്രാർ വിനിർദ്ദേശിക്കുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

** ** ** **

63. സഹകരണ ആഡിറ്റ് ഡയറക്ടർ.—(1) ഗവൺമെന്റ്, ഗസറ്റ് വിജ്ഞാപനംമൂലം, ഒരാളെ സംസ്ഥാനമാകെ അധികാരിതയോടുകൂടിയ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിക്കേണ്ടതാണ്.

** ** ** **

(4) ഓരോ വർഷവും ഒരിക്കലെങ്കിലും സംഘത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ ഇടയാക്കേണ്ടത് മാനേജിംഗ് കമ്മിറ്റിയുടെ കർത്തവ്യമായിരിക്കുന്നതാണ്:

എന്നാൽ, ഓരോ സംഘത്തിന്റെയും കണക്കുകൾ, അങ്ങനെയുള്ള കണക്കുകളുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ ആഡിറ്റ് ചെയ്തിരിക്കേണ്ടതാണ്.

** ** ** **

(7) സഹകരണ ആഡിറ്റ് ഡയറക്ടർ സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ നിയന്ത്രണത്തിൻകീഴിൽ ആയിരിക്കുന്നതാണ്.

(8) സഹകരണ സംഘത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ആഡിറ്റർമാരുടെ ഏറ്റവും കുറഞ്ഞ യോഗ്യതയും പ്രവർത്തി പരിചയവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

(9) ഓരോ സഹകരണ സംഘവും, സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച ആഡിറ്റർമാരുടെ പാനലിൽ നിന്ന്, ജനറൽ ബോഡിയോ പ്രത്യേക ജനറൽ ബോഡിയോ

നിയമിക്കപ്പെടുന്ന (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആഡിറ്ററാലോ, ആഡിറ്റർമാരാലോ ആഡിറ്റർമാരുടെ സംഘത്താലോ ആഡിറ്റ് ചെയ്യിപ്പിക്കുവാൻ ഇടയാക്കേണ്ടതാണ്:

എന്നാൽ, മേൽപ്പറഞ്ഞ പാനലിൽ നിന്നും യാതൊരു ആഡിറ്റർമാരും ലഭ്യമല്ലാത്തപക്ഷം, ഒരു സംഘത്തിന്റെ ജനറൽ ബോഡിക്ക്, സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച ഒരു പാനലിൽ നിന്ന് ആഡിറ്റിംഗ് ഫേമുകളെ നിയമിക്കാവുന്നതാണ്.

** ** ** **

(10) എല്ലാ അപ്പെക്സ് സംഘങ്ങളുടെയും ധനപരമായ കണക്കുകൾ സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച പാനലിൽ നിന്നുള്ള ആഡിറ്റിംഗ് ഫേമുകളാൽ നടത്തപ്പെടേണ്ടതും അസിസ്റ്റഡ് അപ്പെക്സ് സംഘങ്ങളുടെ ഭരണപരമായ കാര്യങ്ങളും ബന്ധപ്പെട്ട കണക്കുകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച പാനലിൽ നിന്നും ഉള്ള വകുപ്പുതല ആഡിറ്റർമാരാൽ നടത്തപ്പെടേണ്ടതും ആഡിറ്റ് റിപ്പോർട്ടുകൾ സഹകരണ ആഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

** ** ** **

(12) സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച പാനലിൽ നിന്ന് നിർദ്ദിഷ്ട സമയത്തിനുള്ളിൽ ആഡിറ്റർമാരേയോ ആഡിറ്റിംഗ് ഫേമുകളേയോ നിയമിക്കുന്നതിനായി ജനറൽ ബോഡി യോഗമോ പ്രത്യേക ജനറൽ ബോഡി യോഗമോ വിളിച്ചു ചേർക്കുന്നതിനുള്ള ഉത്തരവാദിത്തം മാനേജിംഗ് കമ്മിറ്റിയുടേതായിരിക്കുന്നതും, അതിൽ പരാജയപ്പെട്ടാൽ, മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്ക് അവരുടെ പദവി ഇല്ലാതായിത്തീരുന്നതുമാണ്. അങ്ങനെയുള്ള സംഗതികളിൽ ഭരണസ്തംഭനം ഒഴിവാക്കുവാൻ രജിസ്ട്രാർക്ക്, സ്വമേധയായോ സഹകരണ ആഡിറ്റ് ഡയറക്ടറുടേയോ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ആളിന്റെയോ അപേക്ഷയിലോ ഒരു അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ മൂന്നിൽ കവിയാത്ത ആളുകളടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയും അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല. അവരിൽ നിന്നും ഒരാളെ കൺവീനറായും ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന ആറ് മാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക്, സംഘത്തിന്റെ കാര്യങ്ങൾ നടത്താനായി നിയമിക്കാവുന്നതാണ്:

എന്നാൽ, അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഒരു പുതിയ കമ്മിറ്റിയുടെ രൂപീകരണത്തിനോ പുതിയ കമ്മിറ്റി പദവിയിൽ പ്രവേശിക്കുന്നതിനോ, അതതു സംഗതിപോലെ, വേണ്ട ക്രമീകരണം നടത്തേണ്ടതാണ്.

** ** ** **

64. <u>ആഡിറ്റിന്റെ പരിധിയും സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങളും, ആഡിറ്റിനുള്ള നടപടിക്രമവും</u>.—(1) ആഡിറ്റ് എന്നതിൽ കാലാവധി കഴിഞ്ഞ കടങ്ങൾ വല്ലതുമുണ്ടെങ്കിൽ അവ പരിശോധിക്കുന്നതും, ബാക്കിയിരിപ്പ് പണവും സെക്യൂരിറ്റികളും കൃത്യമാണോ എന്ന് നോക്കുന്നതും, ബന്ധപ്പെട്ട സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ഉൾപ്പെടുന്നതാണ്.

** ** ** **

(4 എ) ധനകാര്യവും മറ്റ് നിയമപരവുമായ സ്റ്റേറ്റ്മെന്റുകളുടെയും കൃത്യത ഉറപ്പുവരുത്തുന്നത് ഓരോ സംഘത്തിന്റെയും മാനേജിംഗ് കമ്മിറ്റിയുടെ കർത്തവ്യവു മായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റുകൾ, അവ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം ആഡിറ്റ് ചെയ്യുന്നതിനുവേണ്ടി ആഡിറ്റർ മുമ്പാകെ സമർപ്പിക്കേണ്ടത് മാനേജിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച് മാനേജിംഗ് കമ്മിറ്റിയുടെ ഭാഗത്തുള്ള വീഴ്ച, പദവി വഹിക്കുന്നതിനുള്ള ഒരു അയോഗ്യതയായി കണക്കാക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അവർ കമ്മിറ്റിയിലെ അംഗങ്ങളല്ലാതായിതീരുന്നതുമാണ്. അങ്ങനെയുള്ള സംഗതികളിൽ ഭരണ സ്തംഭനം ഒഴിവാക്കുവാൻ, രജിസ്ട്രാർക്ക്, സ്വമേധയായോ സഹകരണ ആഡിറ്റ് ഡയറക്ടറുടേയോ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ആളിന്റെയോ അപേക്ഷയിലോ ഒരു അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ മൂന്നിൽ കവിയാത്ത ആളുകളടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയും, അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല, അവരിൽ നിന്നും ഒരാളെ കൺവീനറായും ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന ആറ് മാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക്, സംഘത്തിന്റെ കാര്യങ്ങൾ നടത്താനായി നിയമിക്കാവുന്നതാണ്:

** ** ** **

(4 ബി) ആഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയ തീയതി മുതൽ മൂന്നുമാസത്തിനകം, സഹകരണ ആഡിറ്റ് ഡയറക്ടർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അതു ബാധകമായിരിക്കുന്ന സംഘത്തിനും ആഡിറ്റ് മെമ്മോറാണ്ടത്തിന്റെ ഒരു പകർപ്പ് സഹിതം ഒരു ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(5) 63-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ആഡിറ്ററോ ആഡിറ്റ് ചെയ്യുന്ന ഫേമുകളോ സ്റ്റേറ്റ്മെന്റുകൾ കൈപ്പറ്റിയ തീയതി മുതൽ നാലുമാസത്തിനകം ആഡിറ്റ് പൂർത്തിയാക്കേണ്ടതും സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ആളുകൾക്കോ ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

** ** ** **

(9) 63-ാം വകുപ്പ് പ്രകാരം നടത്തിയ ആഡിറ്റിന്റെ ഫലമായി സംഘത്തിന്റെ പ്രവർത്തനത്തിൽ ഏതെങ്കിലും ന്യൂനതകൾ വെളിപ്പെടുകയാണെങ്കിൽ സഹകരണ ആഡിറ്റ് ഡയറക്ടർക്ക്, അങ്ങനെയുള്ള ന്യൂനതകൾ ആ സംഘത്തിന്റെ ശ്രദ്ധയിലും, ആ സംഘത്തെ വേറൊരു സംഘത്തോട് അഫിലിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഘത്തിന്റെ ശ്രദ്ധയിലും കൊണ്ടുവരാവുന്നതാണ്.

(10) 63-ാം വകുപ്പു പ്രകാരം നടത്തിയ ആഡിറ്റിന്റെ ഫലമായി സംഘത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും ഗുരുതരമായ ന്യൂനതകൾ വെളിപ്പെടുകയാണെങ്കിൽ സഹകരണ ആഡിറ്റ് ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തിയ ആളോ ഉടൻതന്നെ അത് സത്വരമായ അനന്തര നടപടിക്കായി രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

** ** ** **

65. രജിസ്ട്രാർ നടത്തുന്ന അന്വേഷണ വിചാരണ.—(1) രജിസ്ട്രാർക്ക് അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം,—

(എ) സ്വമേധയായോ;

(ബി) 68 എ വകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്മേലോ;

(സി) 63-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള സഹകരണ ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്മേലോ;

(ഡി) സംഘത്തിന്റെ കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങളുടെയോ, സംഘത്തിന്റെ പൊതുയോഗത്തിന് ആവശ്യമുള്ള ക്വാറത്തിന്റെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങളോ, ഏതാണോ കുറവ്, അവരുടെ അപേക്ഷയിന്മേലോ;

(ഇ) അങ്ങനെയുള്ള സംഘം അംഗമായ അപ്പെക്സ് സംഘത്തിന്റെയോ ധനസഹായം ചെയ്യുന്ന ബാങ്കിന്റെയോ ഒരു അപേക്ഷയിന്മേലോ;

(എഫ്) ബന്ധപ്പെട്ട സംഘം അഫിലിയേറ്റ് ചെയ്തിട്ടുള്ളത് ഏത് സംഘത്തിലാണോ, ആ സംഘത്തിന്റെ ഒരു അപേക്ഷയിന്മേലോ, സ്വമേധയായോ അല്ലെങ്കിൽ രേഖാമൂലമായ ഉത്തരവു പ്രകാരം അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ആൾ മുഖേനയോ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക നില എന്നിവ സംബന്ധിച്ച് അന്വേഷണ വിചാരണ നടത്താവുന്നതാണ്.

(2) രജിസ്ട്രാർക്കോ അഥവാ (1)-ാം ഉപവകുപ്പുപ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന ആൾക്കോ, ഈ വകുപ്പുപ്രകാരമുള്ള ഒരു അന്വേഷണ വിചാരണയുടെ ആവശ്യത്തിനായി താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(സി) (i) സംഘത്തിന്റെ പൊതുയോഗം വിളിച്ചുകൂട്ടുന്നതിനായി നോട്ടീസിന്റെ കാലാവധി നിർണ്ണയിച്ചുകൊണ്ട് ഏതെങ്കിലും ചട്ടമോ, ബൈലാകളോ, ഉണ്ടായിരുന്നാൽതന്നെയും, അദ്ദേഹത്തിന്, താൻ നിർദ്ദേശിക്കാവുന്ന കാര്യങ്ങൾ നിർണ്ണയിക്കുന്നതിനായി സംഘത്തിന്റെ ആസ്ഥാനത്തോ സംഘത്തിന്റെ ഏതെങ്കിലും ശാഖയിലോ ഉള്ള നിർദ്ദിഷ്ട സ്ഥലത്തുവച്ചും അപ്രകാരമുള്ള സമയത്തും തനിക്ക് നേരിട്ട് ഒരു പൊതുയോഗം വിളിച്ചുകൂട്ടുകയോ അഥവാ ഒരു പൊതുയോഗം വിളിച്ചുകൂട്ടുവാൻ സംഘത്തിന്റെ പ്രസിഡന്റിനോടോ, സെക്രട്ടറിയോടോ ആവശ്യപ്പെടുകയോ ചെയ്യാവുന്നതുമാകുന്നു.

(ii) (1)-ാം ഉപഖണ്ഡപ്രകാരം വിളിച്ച് കൂട്ടുന്ന ഏതെങ്കിലും യോഗത്തിന് സംഘത്തിന്റെ ബൈലാകൾ പ്രകാരം വിളിച്ചുകൂട്ടുന്ന പൊതുയോഗത്തിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

** ** ** **

(5) ഈ വകുപ്പിൻകീഴിലുള്ള അന്വേഷണം ആറുമാസകാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും രജിസ്ട്രാറുടെ വിവേചനാധികാരത്തിലും ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളാലും ആ കാലാവധി, അതത് സമയം ദീർഘിപ്പിക്കാവുന്നതും, എന്നിരുന്നാലും യാതൊരു വിധത്തിലും, ആകെയുള്ള കാലാവധി ഒരു വർഷത്തിൽ കവിയാൻ പാടില്ലാത്തതുമാണ്.

(6) അന്വേഷണ വിചാരണ പൂർത്തിയാകുമ്പോൾ സംഘത്തിന്റെ രൂപീകരണത്തിലോ പ്രവർത്തനത്തിലോ അഥവാ സാമ്പത്തിക സ്ഥിതിയിലോ സാരമായ ന്യൂനതയുണ്ടെന്ന് രജിസ്ട്രാർ കാണുകയാണെങ്കിൽ അദ്ദേഹത്തിന് 32-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിക്കാവുന്നതാണ്.

66. <u>മേൽനോട്ടവും പരിശോധനയും</u>.—(1) രജിസ്ട്രാർ കൂടെക്കൂടെ ആവശ്യമെന്ന് താൻ കരുതുമ്പോഴെല്ലാം ഏതൊരു സംഘത്തിന്റെയും പ്രവർത്തനം സംബന്ധിച്ച് മേൽനോട്ടം വഹിക്കുകയോ അഥവാ ഇതിലേയ്ക്ക് വേണ്ടി പൊതുവായതോ പ്രത്യേകമായതോ ആയ രേഖാമൂലമുള്ള ഉത്തരവു മൂലം താൻ അധികാരപ്പെടുത്തുന്ന ആളെക്കൊണ്ട് മേൽനോട്ടം നടത്തിക്കുകയോ ചെയ്യേണ്ടതാണ്.ഈ ഉപഖണ്ഡപ്രകാരമുള്ള മേൽനോട്ടത്തിൽ സംഘത്തിന്റെ ബുക്കുകളുടെ പരിശോധന ഉൾപ്പെടാവുന്നതാണ്.

** ** ** **

(6) സർക്കിൾ സഹകരണ യൂണിയന് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള പരിശോധനയിൽ അതിന്റെ ഒരു അനൗദ്യോഗികാംഗത്തിനെ സന്നിഹിതനായിരിക്കുവാൻ നിർദ്ദേശിക്കാനധികാരമുണ്ടായിരിക്കുന്നതാണ്.

എന്നാൽ അങ്ങനെയുള്ള അനൗദ്യോഗികാംഗത്തിന് പരിശോധന സ്വയം നടത്തുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതല്ല.

** ** ** **

66 എ. നിർദ്ദേശങ്ങൾ നൽകുവാനുള്ള രജിസ്ട്രാറുടെ അധികാരങ്ങൾ.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായോ അംഗങ്ങളുടെയും പൊതുജനങ്ങളുടെയും നേട്ടത്തിനായി സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടിയോ രജിസ്ട്രാർക്ക് പൊതുവായ നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സഹകരണ സംഘങ്ങൾക്കും നൽകാവുന്നതാണ്.

66 ബി. ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ.—65-ാം വകുപ്പ് പ്രകാരം അന്വേഷണവിചാരണ നടത്തുന്നതിനിടയിലോ, 66-ാം വകുപ്പുപ്രകാരം പരിശോധന നടത്തുമ്പോഴോ, 64-ാം വകുപ്പുപ്രകാരം ഓഡിറ്റ് നടത്തുമ്പോഴോ 68 എ വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിന്മേലോ, ഏതെങ്കിലും സംഘത്തിന്റെ പ്രസിഡന്റോ, വൈസ് പ്രസിഡന്റോ ചെയർമാനോ, വൈസ് ചെയർമാനോ, കമ്മിറ്റി മെമ്പറോ അല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ സംഘത്തിന്റെയോ അതിലെ അംഗങ്ങളുടെയോ താൽപര്യത്തിന് ഹാനികരമായ ഏതെങ്കിലും പ്രവർത്തി ചെയ്തതായോ, ആ ഉദ്യോഗസ്ഥൻ കണക്കുകളിൽ കൃത്രിമം കാണിക്കുകയോ വ്യാജരേഖയുണ്ടാക്കൽ, സംഘത്തിന്റെ രേഖകൾ നശിപ്പിക്കുകയും, താറുമാറാക്കുകയും ചെയ്യുക എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കാൻ തക്കകാരണങ്ങളുണ്ടെന്നോ ബോദ്ധ്യപ്പെടുന്നപക്ഷം എഴുതി രേഖപ്പെടുത്തപ്പെട്ട കാരണങ്ങളിന്മേൽ, രജിസ്ട്രാർക്ക്, അത്തരം സംഘത്തിന്റെ കമ്മിറ്റിയോട് ആ കുറ്റത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥന്മാരെയോ ഉടൻ സസ്പെൻഡ് ചെയ്യാൻ നിർദ്ദേശം നൽകാവുന്നതാണ്.

66 സി. രജിസ്ട്രാർക്ക് റിട്ടേണുകൾ സമർപ്പിക്കൽ.—ഓരോ സഹകരണ സംഘവും താഴെപ്പറയുന്ന വിശദാംശങ്ങൾ അടങ്ങിയ റിട്ടേണുകൾ, ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് ആറുമാസത്തിനകം രജിസ്ട്രാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്, അതായത്:—

** ** ** **

(എഫ്) ഈ ആക്റ്റിലെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് അനുസൃതമായി രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റേതൊരു വിവരവും.

** ** ** **

68. <u>സർച്ചാർജ്ജ്</u>.—(1) ഒരു സംഘം ആഡിറ്റ് ചെയ്യുകയോ അതിന്റെ കാര്യത്തിൽ അന്വേഷണ വിചാരണ നടത്തുകയോ അത് പരിശോധിക്കുകയോ അല്ലെങ്കിൽ അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നതിനിടയിൽ ആ സംഘത്തിന്റെ സംഘടനയോ, നടത്തിപ്പോ സംബന്ധിച്ച കാര്യം ഭരമേൽപ്പിക്കപ്പെട്ടിരിക്കുവാനോ, അഥവാ സംഘത്തിലെ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയതോ ഏതെങ്കിലും സമയത്ത് ആയിരുന്നതോ ആയ ആൾ ആരെങ്കിലും, ഈ ആക്റ്റിനോ, ചട്ടങ്ങൾക്കോ, ബൈലാകൾക്കോ വിരുദ്ധമായി ഏതെങ്കിലും പണവും കൊടുത്തിട്ടുണ്ടെന്നോ, അഥവാ ട്രസ്റ്റ് ലംഘിച്ചുകൊണ്ടോ മനഃപൂർവ്വമായ ഉപേക്ഷയാലോ, കെടുകാര്യസ്ഥതയാലോ സംഘത്തിന്റെ ആസ്തികളിൽ ഏതെങ്കിലും നഷ്ടമോ നാശമോ വരുത്തിയിട്ടുണ്ടെന്നോ, അഥവാ അങ്ങനെയുള്ള സംഘംവക ഏതെങ്കിലും പണമോ മറ്റു വസ്തുവോ ദുർഭരണം നടത്തുകയോ അപഹരിക്കയോ, ചതിവായി കൈവശം വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്നോ അഥവാ രേഖകൾ നശിപ്പിക്കുകയോ നശിപ്പിക്കാൻ ഇടയാക്കുകയോ ചെയ്തിട്ടുണ്ടെന്നോ കാണുകയാണെങ്കിൽ, രജിസ്ട്രാർക്ക് സ്വമേധയായോ, അഥവാ കമ്മിറ്റിയുടെയോ, ലിക്വിഡേറ്ററുടേയോ, ഏതെങ്കിലും ഉത്തമർണ്ണന്റെയോ അപേക്ഷയിൻമേലോ അങ്ങനെയുള്ള ആളുടെ നടപടിയെപ്പറ്റി സ്വയം അന്വേഷണ വിചാരണ നടത്തുകയോ അഥവാ ഈ ആവശ്യത്തിലേക്ക് രേഖാമൂലമായ ഉത്തരവുപ്രകാരം താൻ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോട് അന്വേഷണ വിചാരണ നടത്തുവാൻ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

** ** ** **

(3)(2)-ാം ഉപവകുപ്പ് പ്രകാരം പണമോ വസ്തുവോ, പലിശയോ, ചെലവോ, നഷ്ടപരിഹാരമോ തിരികെ അടയ്ക്കുകയോ മടക്കിക്കൊടുക്കുകയോ ചെയ്യാത്തിടത്ത്, ഈ ആക്റ്റിലെ 79-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഭൂമിന്മേലുള്ള പൊതുക്കുടിശ്ശിക എന്നതുപോലെ അങ്ങനെയുള്ള തുകകൾ ബന്ധപ്പെട്ട ആളുകളിൽ നിന്നും ഈടാക്കുന്നതിന് രജിസ്ട്രാർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

68 <u>എ. വിജിലൻസ് ആഫീസർ</u>.—(1) രജിസ്ട്രാർ റഫർ ചെയ്തേക്കാവുന്ന ദുർവിനിയോഗം, അഴിമതി, സംഘങ്ങളിലെ മറ്റേതെങ്കിലും മുഖ്യമായ ക്രമക്കേടുകൾ എന്നീ സംഗതികളിന്മേലുള്ള അന്വേഷണ വിചാരണയും അന്വേഷണവും നടത്തുന്നതിനുള്ള അധികാരത്തോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ വിജിലൻസ് ആഫീസറായി സർക്കാർ നിയമിക്കേണ്ടതാണ്.

(2) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വിജിലൻസ് ആഫീസർ, അന്വേഷണ വിചാരണയും അന്വേഷണവും നടത്തേണ്ടതാണ്.

(3) വിജിലൻസ് ആഫീസർ, സഹകരണസംഘ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻകീഴിൽ ആയിരിക്കേണ്ടതാണ്.

എന്നാൽ ഈ വകുപ്പുപ്രകാരമുള്ള സഹകരണ സംഘം രജിസ്ട്രാറുടെ അധികാരങ്ങൾ മറ്റൊരാൾക്ക് നൽകാൻ പാടില്ലാത്തതാണ്.

69. സഹകരണ ആർബിട്രേഷൻ കോടതിയും രജിസ്ട്രാറും തീർപ്പാക്കേണ്ട തർക്കങ്ങൾ.—(1) തത്സമയം നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) അംഗങ്ങൾക്കും അംഗങ്ങളായിരുന്നവർക്കും അംഗങ്ങളും അംഗങ്ങളായിരുന്നവരും പരേതരായ അംഗങ്ങളും മുഖേന തേർച്ച ചെയ്യുന്ന ആളുകൾക്കും ഇടയിലോ, അല്ലെങ്കിൽ

** ** ** **

(എച്ച്) സംഘവും സംഘത്തിന്റെ ഒരു ഉത്തമർണ്ണനും തമ്മിലോ ഒരു തർക്കം ഉണ്ടാവുകയാണെങ്കിൽ,

അപ്രകാരമുള്ള തർക്കം ധനസംബന്ധമല്ലാത്ത തർക്കങ്ങളിൽപ്പെടുന്നതാണെങ്കിൽ 70 എ വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള സഹകരണ ആർബിട്രേഷൻ കോടതിക്കും ധനസംബന്ധമായ തർക്കങ്ങളിൽപ്പെടുന്നവയാണെങ്കിൽ രജിസ്ട്രാർക്കും റഫർ ചെയ്യേണ്ടതും, ആർബിട്രേഷൻ കോടതിയോ രജിസ്ട്രാറോ, അതതു സംഗതിപോലെ, അങ്ങനെയുള്ള തർക്കം തീർപ്പാക്കേണ്ടതും, അപ്രകാരമുള്ള തർക്കത്തെ സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ അഥവാ മറ്റു നടപടികളോ സ്വീകരിക്കാൻ മറ്റു യാതൊരു കോടതിക്കോ അധികാരസ്ഥാനത്തിനോ അധികാരിതയുണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

** ** ** **

69 എ. സഹകരണ ഓംബുഡ്സ്മാൻ.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംമൂലം, ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങളുടെ ബാങ്കിംഗ് ന്യൂനതകൾ അല്ലെങ്കിൽ മറ്റു സേവനങ്ങളിലെ ന്യൂനതകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ പ്രാപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ "കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതാണ്.

** ** ** **

70. തർക്കങ്ങളിന്മേലുള്ള അവാർഡ്.—(1) 69-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു തർക്കത്തിന്റെ റഫറൻസ് ലഭിച്ചാൽ, സഹകരണ ആർബിട്രേഷൻ കോടതി, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾ അനുസരിച്ച് ഒരു വർഷത്തിനകം ഒരു അവാർഡ് പാസ്സാക്കേണ്ടതും

അങ്ങനെയുള്ള അവാർഡ് 82-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അന്തിമമായിരിക്കുന്നതാണ്.

** ** ** **

(6) ഈ ആക്റ്റിലെയും ചട്ടങ്ങളിലേയും, ബൈലാകളിലെയും വ്യവസ്ഥകൾ അനുസരിച്ച് രജിസ്ട്രാറോ അല്ലെങ്കിൽ ഇക്കാര്യത്തിൽ അധികാരം നൽകപ്പെട്ടിട്ടുള്ള ആളോ തർക്കത്തിൽ തീരുമാനമെടുക്കുകയോ അല്ലെങ്കിൽ ആർബിട്രേഷൻ അവാർഡ് പാസ്സാക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള തീർപ്പോ അവാർഡോ 82-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അന്തിമമായിരിക്കുന്നതുമാണ്. തീർപ്പോ അവാർഡോ തീരുമാനമാകാനിരിക്കേ, അതതുസംഗതിപോലെ, രജിസ്ട്രാർക്കോ അപ്രകാരമുള്ള ആൾക്കോ, ആർബിട്രേറ്റർക്കോ നീതി താൽപ്പര്യാർത്ഥം, തനിക്ക് ആവശ്യമെന്ന് തോന്നാവുന്ന അപ്രകാരമുള്ള താൽക്കാലിക ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

70 എ. <u>സഹകരണ ആർബിട്രേഷൻ കോടതികൾ</u>.—(1) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ആവശ്യമായേക്കാവുന്ന അത്രയും എണ്ണം സഹകരണ ആർബിട്രേഷൻ കോടതികൾ ഗവൺമെന്റ് രൂപീകരിക്കേണ്ടതാണ്.

(2) സഹകരണ ആർബിട്രേഷൻ കോടതിയിലേയ്ക്ക് നിയമിക്കപ്പെടേണ്ടുന്ന വ്യക്തിയുടെ യോഗ്യതകൾ, കാലാവധി, ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും അതതു സമയം ഗവൺമെന്റ് നിശ്ചയിക്കുന്ന വിധത്തിലായിരിക്കുന്നതാണ്.

** ** ** **

73. <u>ലിക്വിഡേറ്ററുടെ അധികാരങ്ങൾ</u>.—(1) ഇതിലേയ്ക്ക് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി ഏതൊരു സംഘം നിർത്തൽ ചെയ്യുന്നതിനാണോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ സംഘത്തിന്റെ മുഴുവൻ സ്വത്തും 72-ാം വകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ലിക്വിഡേറ്ററിൽ ഉത്തരവ് നടപ്പിൽ വരുന്ന തീയതി മുതൽ നിക്ഷിപ്തമായിരിക്കുന്നതും, ലിക്വിഡേറ്റർക്ക് അങ്ങനെയുള്ള സ്വത്ത്, വിൽക്കുകയോ മറ്റോ ചെയ്ത് വസൂലാക്കാൻ അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

** ** ** **

(2 എ) 72-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെട്ട ലിക്വിഡേറ്റർ, തന്റെ നിയമന തീയതി മുതൽ മൂന്നു വർഷക്കാലാവധിക്കുള്ളിൽ സംഘം നിർത്തൽ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

<u>വിശദീകരണം</u>.—71-ാം വകുപ്പു പ്രകാരം ഒരു സംഘം നിർത്തൽ ചെയ്തുകൊണ്ടുള്ള ഉത്തരവിനെതിരെ ഏതെങ്കിലും അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, ആ അപ്പീൽ നിലവിലുള്ള കാലാവധി, മൂന്നുവർഷ കാലാവധി കണക്കു കൂട്ടുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

** ** ** **

74 <u>സി. ചില സഹകരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തൽ</u>.—66-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാർ, എല്ലാ അപ്പെക്സ്, ഫെഡറൽ, കേന്ദ്ര സംഘങ്ങളുടെ "കാര്യങ്ങൾ" ഓരോ വർഷവും പരിശോധിക്കുകയോ പരിശോധിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതും ഈ സംഘങ്ങളുടെ പരിശോധനാ ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങൾ 66-ാം വകുപ്പിലെ (4)-ാം ഉപവകുപ്പു പ്രകാരം വിനിർദ്ദേശിച്ചിരിക്കുന്നതു പ്രകാരമായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പു പ്രകാരം നടത്തിയ പരിശോധന തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം നടത്തിയ പരിശോധനയ്ക്ക് പുറമേയും അതിന് ന്യൂനത വരുത്താത്ത വിധത്തിലും ആയിരിക്കേണ്ടതാണ്.

** ** ** **

76. <u>ഉത്തരവുകളും മറ്റും നടപ്പാക്കൽ</u>.—68-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, പ്രകാരമോ 75-ാം വകുപ്പുപ്രകാരമോ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, 70-ാം വകുപ്പു പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു തീർപ്പോ അവാർഡോ അതും 73-ാം വകുപ്പുപ്രകാരം ലിക്വിഡേറ്റർ പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും 82-ാം വകുപ്പോ, 84-ാം വകുപ്പോ, 85-ാം വകുപ്പോ 86-ാം വകുപ്പോ പ്രകാരം ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും, 83-ാം വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും, നടപ്പാക്കപ്പെടുന്നില്ലെങ്കിൽ,—

** ** ** **

80. <u>സഹകരണ സംഘങ്ങളുടെ ഉദ്യോഗസ്ഥൻമാരും മറ്റും</u>.—(1) ഗവൺമെന്റ് സംസ്ഥാനത്തെ സംഘങ്ങളെ അവയുടെ മാതൃകയും സാമ്പത്തിക നിലയുമനുസരിച്ച് തരംതിരിക്കേണ്ടതാണ്.

** ** ** **

(3) ഗവൺമെന്റ്, (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പലതരം സംഘങ്ങളുടെ ഉദ്യോഗസ്ഥൻമാരുടേയും, ജോലിക്കാരുടേയും പരീക്ഷായോഗ്യതയും, പ്രതിഫലവും പടികളും മറ്റു സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്. [പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ]

(3 എ) സംഘങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും റിക്രൂട്ട്മെന്റും സേവന വ്യവസ്ഥകളും സംബന്ധിച്ച്, ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ പുറപ്പെടുവിച്ച ഉത്തരവുകളിലോ ഏതെങ്കിലും സംഘത്തിന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പട്ടിക 1-ൽ പറഞ്ഞിട്ടുള്ള സംഘങ്ങളിലെ നേരിട്ടുള്ള നിയമനം അവലംബിച്ചിട്ടുള്ള, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന സെലക്റ്റ് ലിസ്റ്റിൽ നിന്നും നടത്തേണ്ടതും അത്തരം തെരഞ്ഞെടുപ്പ് നടത്തുമ്പോൾ 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടപ്രകാരമുള്ള സംവരണതത്വങ്ങൾ കൂടി പാലിച്ചുകൊണ്ട് നടത്തേണ്ടതുമാണ്.

** ** ** **

(5) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ സംഘത്തിലെയും ജീവനക്കാരുടെ ആകെ തസ്തികകളുടെ മൂന്നു ശതമാനം മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയതുപ്രകാരം നാൽപ്പത് ശതമാനമോ അതലധികമോ അവശതയുള്ള ശാരീരിക വൈകല്യമുള്ള ആൾക്കാർക്ക് സംവരണം ചെയ്യേണ്ടതും ആ നിയമനത്തിന്റെ നടപടിക്രമം നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

എന്നാൽ കേഡർ തസ്തികകളും അനുവദിക്കപ്പെട്ട തസ്തികകളും ഉൾപ്പെടെ പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ജീവനക്കാരുള്ള സംഘങ്ങളിൽ കുറഞ്ഞത് ഒരു തസ്തികയെങ്കിലും ശാരീരിക വൈകല്യമുള്ള ആളുകളിൽപ്പെടുന്ന ഒരു ജീവനക്കാരനായി സംവരണം ചെയ്യേണ്ടതാണ്.

** ** ** **

(8) സർക്കാർ, ഉത്തരവു വഴി, ഏതെങ്കിലുമോ എല്ലാമോ വിഭാഗങ്ങളിലുള്ള സഹകരണ സംഘങ്ങളുടെ ജീവനക്കാർക്കായി ഏകീകൃത സേവന ചട്ടങ്ങളും പെരുമാറ്റ ചട്ടങ്ങളും ഉണ്ടാക്കേണ്ടതാണ്.

** ** ** **

80 എ. <u>പെൻഷൻ പദ്ധതി</u>.—(1) സംഘങ്ങളിലെ ജീവനക്കാർക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച ബോർഡുകളിലെ ജീവനക്കാർക്കും പെൻഷൻ നൽകുന്നതിന് ഒരു പെൻഷൻ ഫണ്ട് ഏർപ്പെടുത്തുന്നതിലേക്കു വേണ്ടി ഗവൺമെന്റ് ഗസറ്റിൽ വിജ്ഞാപനം മൂലം അതിൽ വിനിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രകാരം ഒരു സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതി രൂപപ്പെടുത്താവുന്നതും വിവിധ

വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങൾക്ക് അല്ലെങ്കിൽ ബോർഡുകൾക്ക് ഈ പദ്ധതി ബാധകമാക്കുന്നതിന് വ്യത്യസ്ത തീയതികൾ നിർണ്ണയിക്കാവുന്നതുമാണ്.

** ** ** **

80 ബി. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.—(1) ഈ ആക്റ്റിലോ ചട്ടങ്ങളിലോ ഏതെങ്കിലും സംഘത്തിന്റെ ഉദ്യോഗസ്ഥൻമാരെയോ ജീവനക്കാരെയോ റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലേയ്ക്ക് ജൂനിയർ ക്ലർക്ക് തസ്തികയിലേയ്ക്കും ഉദ്യോഗസ്ഥൻമാരുടെയും അതിനു മുകളിലെ വിഭാഗങ്ങളിലുള്ള തസ്തികകളിലേയ്ക്കുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കുംവേണ്ടി എഴുത്തു പരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ സർവ്വീസ് പരീക്ഷാബോർഡ് രൂപീകരിക്കേണ്ടതാണ്.

** ** ** **

88. സർക്കിൾ സഹകരണ യൂണിയനുകളുടെ രൂപീകരണം.—(1) സംസ്ഥാനത്തിനകത്തുള്ള ഓരോ സർക്കിളിനും സർക്കാർ, ഗസറ്റിൽ വിജ്ഞാപനം വഴി ഇനിപ്പറയുന്ന അംഗങ്ങളോടു കൂടിയ ഒരു സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കേണ്ടതാണ്, അതായത്:—

** ** ** **

(ഇ) ആ സർക്കിളിന് മേൽ അധികാരിതയുള്ള സഹകരണ സംഘങ്ങളുടെ അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്), എക്സ് ഒഫിഷ്യോ;

** ** ** **

88 ബി. സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കാൻ കഴിയാതിരിക്കുമ്പോൾ ആഫീസറുടെ നിയമനം.—സർക്കിൾ സഹകരണ യൂണിയന്റെ കാലാവധി അവസാനിക്കുകയും പുതിയ യൂണിയൻ രൂപീകരിക്കാതിരിക്കുകയും ചെയ്യുമ്പോൾ അല്ലെങ്കിൽ നിലവിലുള്ള സർക്കിൾ സഹകരണ യൂണിയനിലെ അംഗങ്ങൾ ഒന്നടങ്കം രാജിവയ്ക്കുമ്പോൾ അല്ലെങ്കിൽ രാജിയിലൂടെയോ മറ്റു വിധത്തിലോ സർക്കിൾ സഹകരണ യൂണിയനിൽ ഒഴിവുകൾ ഉണ്ടാവുകയും അവശേഷിക്കുന്ന അംഗങ്ങളുടെ എണ്ണംകൊണ്ട് ക്വാറം തികയ്ക്കാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ അല്ലെങ്കിൽ സർക്കിൾ സഹകരണ യൂണിയന് അതിന്റെ പതിവ് യോഗം തുടർച്ചയായ ആറുമാസത്തേക്ക് നടത്താൻ കഴിയാതെ വരുമ്പോൾ, അല്ലെങ്കിൽ,

** ** ** **

(iii) ഒരു പുതിയ സർക്കിൾ സഹകരണ യൂണിയനെ ഔദ്യോഗിക ചുമതലകൾ ഏറ്റെടുക്കുന്നതിൽനിന്ന് തടയപ്പെട്ടതായോ പുതിയ സർക്കിൾ സഹകരണ യൂണിയൻ ചുമതല ഏറ്റെടുക്കുന്നതിൽ പരാജയപ്പെട്ടതായോ,

രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്നിടത്ത്, സർക്കിൾ സഹകരണ യൂണിയന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ആഫീസറെ ഉത്തരവിലൂടെ വിനിർദ്ദേശിക്കപ്പെടാവുന്ന ആറുമാസ കാലാവധിയിലേക്ക് രജിസ്ട്രാർക്ക് നിയമിക്കാവുന്നതും ആ കാലാവധി രജിസ്ട്രാറുടെ വിവേചനാധികാരം ഉപയോഗിച്ചും ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളാലും, അതത് സമയം, ദീർഘിപ്പിക്കാവുന്നതും എന്നിരുന്നാലും, മൊത്തം കാലാവധി യാതൊരു സംഗതിയിലും ഒരു വർഷമോ പ്രസ്തുത സർക്കിൾ സഹകരണ യൂണിയൻ പുനഃരൂപീകരിക്കപ്പെടുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, അത് കവിയാൻ പാടില്ലാത്തതും ആകുന്നു.

** ** ** **

89. <u>സംസ്ഥാന സഹകരണ യൂണിയൻ സ്ഥാപിക്കൽ</u>.—(1) ഗവൺമെന്റ്, ഗസറ്റ് വിജ്ഞാപനംമൂലം ഒരു സംസ്ഥാന സഹകരണ യൂണിയൻ സ്ഥാപിക്കേണ്ടതാണ്.

** ** ** **

(4) (2)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള മാനേജിംഗ് കമ്മിറ്റി താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്നതായിരിക്കേണ്ടതാണ്, അതായത്:—

** ** ** **

(ഡി) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം തിരഞ്ഞെടുക്കപ്പെട്ട എല്ലാ സർക്കിൾ സഹകരണ യൂണിയനുകളുടെ അംഗങ്ങൾ, അവരിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുത്ത ഒരംഗം;

(ഇ) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സർക്കിൾ സഹകരണ യൂണിയനുകളുടെ അംഗങ്ങൾ, അവരിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുത്ത ഒരംഗം;

(എഫ്) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സർക്കിൾ സഹകരണ യൂണിയനുകളുടെ അംഗങ്ങൾ, അവരിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുത്ത ഒരംഗം;

89 ബി. സംസ്ഥാന സഹകരണ യൂണിയൻ രൂപീകരിക്കാൻ കഴിയാതിരിക്കുമ്പോൾ ആഫീസർമാരുടെ അല്ലെങ്കിൽ കമ്മിറ്റിയുടെ നിയമനം.—സംസ്ഥാന സഹകരണ യൂണിയന്റെ മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചിട്ടും ഒരു പുതിയ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കപ്പെടാതിരിക്കുമ്പോൾ അല്ലെങ്കിൽ നിലവിലുള്ള മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ കൂട്ടമായി രാജിവയ്ക്കുമ്പോൾ അല്ലെങ്കിൽ രാജിയിലൂടെയോ മറ്റ് വിധത്തിലോ മാനേജിംഗ് കമ്മിറ്റിയിൽ ഒഴിവുകൾ ഉണ്ടാവുകയും അവശേഷിക്കുന്ന അംഗങ്ങളുടെ എണ്ണംകൊണ്ട് കോറം തികയ്ക്കാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ അല്ലെങ്കിൽ സംസ്ഥാന സഹകരണ യൂണിയന് അതിന്റെ പതിവ് യോഗം തുടർച്ചയായി ആറുമാസത്തേക്ക് നടത്താൻ കഴിയാതെ വരുമ്പോൾ അല്ലെങ്കിൽ,—

** ** ** **

(iii) ഒരു പുതിയ മാനേജിംഗ് കമ്മിറ്റിയെ ഔദ്യോഗിക ചുമതലകൾ ഏറ്റെടുക്കുന്നതിൽനിന്ന് തടയപ്പെട്ടതായോ പുതിയ മാനേജിംഗ് കമ്മിറ്റി ചുമതല ഏറ്റെടുക്കുന്നതിൽ പരാജയപ്പെട്ടതായോ, സർക്കാരിന് ബോദ്ധ്യമാകുന്നിടത്ത്, സംസ്ഥാന സഹകരണ യൂണിയന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഹകരണ വകുപ്പിലെ ഒരു ആഫീസറെ ഉത്തരവിലൂടെ വിനിർദ്ദേശിക്കപ്പെടാവുന്ന ആറുമാസ കാലാവധിയിലേക്ക് സർക്കാരിന് നിയമിക്കാവുന്നതും ആ കാലാവധി സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ചും ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളാലും, അതത് സമയം, ദീർഘിപ്പിക്കാവുന്നതും എന്നിരുന്നാലും, മൊത്തം കാലാവധി യാതൊരു സംഗതിയിലും ഒരു വർഷമോ പ്രസ്തുത മാനേജിംഗ് കമ്മിറ്റി പുനഃരൂപീകരിക്കപ്പെടുന്നതുവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, അത് കവിയാൻ പാടില്ലാത്തതും ആകുന്നു.

** ** ** **

91. സംസ്ഥാന സഹകരണ യൂണിയന്റെ ചുമതലകൾ.—(1) സംസ്ഥാന സഹകരണ യൂണിയന്റെ ചുമതലകൾ താഴെ പറയുന്നവയായിരിക്കും-

(എ) സഹകരണ സംഘങ്ങളെ സംഘടിപ്പിക്കുകയും സഹായിക്കുകയും പൊതുവായി വികസിപ്പിക്കുകയും ചെയ്യുക,

(ബി) സഹകരണ പ്രചരണം നടത്തുക,

(സി) സഹകരണതത്വങ്ങളേയും പ്രയോഗങ്ങളേയും പറ്റിയുള്ള വിദ്യാഭ്യാസം വ്യാപിപ്പിക്കുക.

** ** ** **

94. <u>കുറ്റങ്ങൾ</u>.—(1) ഒരു സംഘമല്ലാത്ത യാതൊരാളും, ഏതെങ്കിലും ഇൻഡ്യൻ ഭാഷയിൽ 'സഹകരണം' എന്നതോ, അതിനു തുല്യമായ പദമോ ഭാഗമായിട്ടുള്ള യാതൊരു പേരിലോ, അവകാശപ്പേരിലോ, ഗവൺമെന്റിന്റെ അനുമതി കൂടാതെ കച്ചവടം ചെയ്യുകയോ, തൊഴിൽ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

** ** ** **

(2) (1)-ാം ഉപവകുപ്പു ലംഘിച്ചുകൊണ്ട് കച്ചവടമോ തൊഴിലോ നടത്തുന്ന ഏതൊരു വ്യക്തിയ്ക്കും രണ്ടായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാകുന്നു.

(3) സംഘത്തിലെ ഏതെങ്കിലും അംഗമോ മുമ്പിലത്തെ അംഗമോ മരിച്ചുപോയ അംഗത്തിന്റെ നോമിനിയോ അവകാശിയോ നിയമാനുസൃത പ്രതിനിധിയോ 35-ാം വകുപ്പുപ്രകാരം ഒന്നാമത്തെ ചാർജ്ജുണ്ടായിരിക്കാൻ സംഘത്തിനവകാശമുള്ള വല്ല വസ്തുവും കയ്യൊഴിച്ചുകൊണ്ട് ആ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തേർച്ചയ്ക്ക് ദൂഷ്യം വരത്തക്ക മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നതായാൽ അയാൾക്ക് രണ്ടായിരം രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

(4) മനഃപൂർവ്വം വ്യാജമായ തവണക്കണക്കുണ്ടാക്കുകയോ, വ്യാജമായ വിവരം നൽകുകയോ ആവശ്യപ്പെടുമ്പോൾ ബാക്കിയിരുപ്പുള്ള പണം ഹാജരാക്കുന്നതിന് വീഴ്ചവരുത്തുകയോ അല്ലെങ്കിൽ റിക്കാർഡുകൾ ആഡിറ്റിനോ, അന്വേഷണ വിചാരണയ്ക്കോ, പരിശോധനയ്ക്കോ, ലഭ്യമാക്കിത്തീർപ്പാൻ വീഴ്ച വരുത്തുകയോ ചെയ്യുന്ന സംഘക്കമ്മിറ്റിയ്ക്കോ, അതിലെ ഉദ്യോഗസ്ഥനോ, അംഗത്തിനോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച വല്ല സമൻസോ കൽപ്പനയോ നിയമാനുസൃതം രേഖപ്പെടുത്തിയ ഉത്തരവോ മനഃപൂർവ്വമായോ, ന്യായമായ യാതൊരു കാരണവും കൂടാതെയോ അനുസരിക്കാതിരിക്കുകയോ, അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഒരാൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തന്നോട് ആവശ്യപ്പെടുന്ന വല്ല വിവരവും മനഃപൂർവ്വം നൽകാതിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കോ, അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(4 <u>എ</u>) ഏതൊരു ആഫീസറോ സൂക്ഷിപ്പുകാരനോ, ഒരു സംഘത്തിന്റേതായ ബുക്കുകൾ, കണക്കുകൾ, പ്രമാണങ്ങൾ, രേഖകൾ, പണം, ഈട്, മറ്റ് വസ്തുക്കൾ എന്നിവയുടെ സൂക്ഷിപ്പുള്ള ഒരു ആഫീസറോ സൂക്ഷിപ്പുകാരനോ ആയിരിക്കെ അഡ്മിനിസ്ട്രേറ്റർ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, ലിക്വിഡേറ്റർ, ആഡിറ്റർ അല്ലെങ്കിൽ

രജിസ്ട്രാറോ സഹകരണ ആഡിറ്റ് ഡയറക്ടറോ ഇതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾ എന്നിങ്ങനെയുള്ള ഒരു അധികാരപ്പെട്ട ഉദ്യോഗസ്ഥന് അവ കൈമാറുവാൻ മനഃപൂർവ്വം വീഴ്ച വരുത്തിയാൽ, ഒരു വർഷം വരെയാകുന്ന ഒരു കാലയളവിലേക്കുള്ള തടവോ അയ്യായിരം രൂപ വരെയാകുന്ന പിഴയോ അവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(4 ബി) കമ്മിറ്റി അംഗങ്ങളായോ ഭാരവാഹിയായോ പ്രതിനിധികളായോ ഉള്ള തിരഞ്ഞെടുപ്പിന് മുമ്പോ ആ സമയത്തോ അതിനുശേഷമോ ഇതിൻ കീഴിൽ പറയുന്ന ഏതെങ്കിലും അഴിമതി പ്രവൃത്തികളിൽ വ്യാപൃതരാകുകയോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാൾക്കും, ആറുമാസം വരെയാകാവുന്ന തടവോ ആയിരം രൂപ വരെയാകാവുന്ന പിഴയോ അവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്,—

** ** ** **

(5) മതിയായ കാരണം കൂടാതെ,—

(എ) 37-ാം വകുപ്പ് (2)-ാം ഉപവകുപ്പുമൂലം ആവശ്യപ്പെട്ട പ്രകാരം ഏതെങ്കിലും തുക കിഴിക്കുന്നതിന് വീഴ്ചവരുത്തുകയോ,

(ബി) പ്രസ്തുത ഉപവകുപ്പ് പ്രകാരം താൻ കിഴിവു വരുത്തിയ തുക, കിഴിവു വരുത്തിയ തീയതി മുതൽ ഏഴു ദിവസക്കാലത്തിനകം, സംഘത്തിനു നൽകുന്നതിനു വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതെങ്കിലും തൊഴിലുടമയ്ക്കോ ഉദ്യോഗസ്ഥനോ അയ്യായിരം രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

(6) ഏർപ്പെടുത്തുവാൻ പോകുന്ന ഒരു സംഘത്തിനുവേണ്ടി ഓഹരി പണം പിരിക്കുന്ന ഏതെങ്കിലും ആൾ ആ പണം കിട്ടുന്ന തീയതി മുതൽ പതിനാലു ദിവസത്തിനകം സംസ്ഥാന സഹകരണ ബാങ്കിലോ, പോസ്റ്റൽ സേവിംഗ്സ് ബാങ്കിലോ, അല്ലെങ്കിൽ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ബാങ്കിലോ നിക്ഷേപിക്കാത്തപക്ഷം, അയാൾക്ക് അയ്യായിരം രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

(7) ഏർപ്പെടുത്തുവാൻ പോകുന്ന ഒരു സംഘത്തിനുവേണ്ടി ഓഹരിപ്പണം പിരിക്കുന്ന ഏതെങ്കിലും ആൾ, അങ്ങനെ പിരിക്കുന്ന തുക, രജിസ്റ്റർ ചെയ്യാൻ പോകുന്ന

ഒരു സംഘത്തിന്റെ പേരിലോ മറ്റു തരത്തിലോ, വല്ല കച്ചവടമോ തൊഴിലോ നടത്തുന്നതിന് ഉപയോഗിക്കുന്നപക്ഷം, അയാൾക്ക് അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(8) ഒരു സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജീവനക്കാരനോ, ഏജന്റോ, ജോലിക്കാരനോ സംഘവുമായി ഇടപാടുള്ള മറ്റേതെങ്കിലും ആളോ ആ സംഘത്തിന്റെ വകയായുള്ള ഏതെങ്കിലും പണം ദുർവ്വിനിയോഗം ചെയ്യുകയോ അനധികൃതമായോ നിയമവിരുദ്ധമായോ സൂക്ഷിക്കുകയോ ചെയ്യുന്നപക്ഷം, അയാളെ മൂന്നുവർഷം വരെയാകാവുന്ന ഒരു കാലയളവിലേയ്ക്ക് തടവും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട തുകയുടെ ഇരട്ടിവരെയാകാവുന്ന പിഴയോടുംകൂടി ശിക്ഷിക്കേണ്ടതാണ്.

** ** ** **

പട്ടിക 1

[ 80(3 എ) വകുപ്പ് കാണുക]

** ** ** **

15. കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ ക്ലിപ്തം (ഐ.എൻ.ഡി, എം.റ്റി. (എസ്.റ്റി.) (ടെക്സ്ഫെഡ്), തൃശ്ശൂർ.